# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-2023)

### നാലാമത് റിപ്പോർട്ട്

(2021 ..ആഗസ്റ്റ്. മാസം ...10......-ാം തീയതി സഭയിൽ സമർപ്പിച്ചത് )

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കിയുള്ളത്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021


mc

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-2023)

### നാലാമത് റിപ്പോർട്ട്

**(2021, ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കിയുള്ളത്.]

mc

# ഉള്ളടക്കം

പേജ്


സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി


mc

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. ടി.പി.രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഡോ.എൻ.ജയരാജ്

ശ്രീ.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ.ടി.ഐ. മധുസൂദനൻ

ശ്രീ.എ.സി.മൊയ്തീൻ

ശ്രീ.മോൻസ് ജോസഫ്

ശ്രീ.ഐ.ബി. സതീഷ്

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.ഇ.കെ.വിജയൻ

ശ്രീ.പി.സി.വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി.പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ.ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

mc

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലായ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി.പി.രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021, ആഗസ്റ്റ് 10

mc

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കിയത്.

## കൊല്ലം ജില്ല

ഓഡിറ്റ് ഖണ്ഡിക

### പൊതു പരാമർശങ്ങൾ

കൊല്ലം ജില്ലയിലെ മിക്ക ഗ്രാമപഞ്ചായത്തുകളും കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനും നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നില്ല. നിയമപ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. നികുതി/നികുതിയേതരയിനങ്ങളിൽ ഏകദേശം 31,18,570 രൂപയോളം നിയമപ്രകാരമുള്ള റവന്യൂ റിക്കവറി നടപടി, വാറണ്ട് എന്നിവ സ്വീകരിക്കാത്തതുമൂലം നഷ്ടമായിട്ടുണ്ട്. ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഭേദഗതി വരുത്തുക, ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകുക എന്നിങ്ങനെയുള്ള ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പല ഗ്രാമപഞ്ചായത്തുകളിലും പ്രവൃത്തികൾ ഏറ്റെടുക്കുന്ന കൺവീനർമാർ മുൻകൂറുകൾ കൈപ്പറ്റി പണി ഏറ്റെടുക്കാതെയോ ഭാഗീകമായി മാത്രം പൂർത്തിയാക്കുകയോ ചെയ്ത് പിന്മാറുന്നു. ഇങ്ങനെയുള്ളവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുകയോ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക പലിശസഹിതം ഈടാക്കുകയോ ചെയ്യുന്നില്ല. ഇത്തരത്തിൽ ഏകദേശം 2,98,500 രൂപ തിരിച്ച് പിടിക്കാൻ അവശേഷിക്കുന്നു. നിക്ഷേപവേലകൾക്കായി ഇലക്ട്രിസിറ്റി ബോർഡിൽ 28,17,517 രൂപയും, വാട്ടർ അതോറിറ്റിയിൽ 9,11,909 രൂപയും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് നിരീക്ഷിക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഇല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.6]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

1. പ്രസ്തുത പൊതുപരാമർശങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി നിലവിൽ ഡെപ്പോസിറ്റ് വർക്ക് ചെയ്താലും വിനിയോഗ സാക്ഷ്യപത്രം നൽകിയാൽ മാത്രമേ എക്സ്പെൻഡിച്ചറാകുകയുള്ളുവെന്നും പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ പരാമർശങ്ങൾ വളരെയധികം പഴക്കമുള്ളതാണെന്നും നിലവിൽ ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച് വളരെയധികം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**2. ഡെപ്പോസിറ്റ് വർക്ക് ചെയ്താലും വിനിയോഗ സാക്ഷ്യപത്രം നൽകിയാൽ മാത്രമേ നിലവിൽ എക്സ്പെൻഡിച്ചർ ആകുകയുള്ളുവെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**<u>നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല</u>**

കേരള വികസന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന വളരെയധികം പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും അലംഭാവം കാണിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ പരിശോധനാ വിധേയമാക്കാതിരിക്കുന്നത് ഏറ്റവും നിരുത്തരവാദപരവും ഗുരുതരവുമായ വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | വർഷം | ഖണ്ഡിക | നിർവവഹണ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| കുളത്തുപ്പുഴ | 2003-04 | 3.9 | കൃഷി ഓഫീസർ | 8,72,521 |
| ഇളമാട് | 2003-04 | 3.6 | കൃഷി ഓഫീസർ | 37,000 |
| കടയ്ക്കൽ | 2003-04 | 3.10 | കൃഷി ഓഫീസർ | 1,73,250 |

| | | | | |
|---|---|---|---|---|
| കടയ്ക്കൽ | 2003-04 | 3.11 | ഹെഡ്മാസ്റ്റർ | 1,00,000 |
| കടയ്ക്കൽ | 2003-04 | 3.13 | കൃഷി ഓഫീസർ | 43,750 |
| മൈലം | 2004-05 | 3.4 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7,65,385 |
| മൈലം | 2005-06 | 3.4 | വി.ഇ.ഒ. | 7,61,000 |
| മൈലം | 2005-06 | 3.6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19,24,267 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.6.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

1. <u>കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്</u>

(ഓഡിറ്റ് വർഷം 2003-04; ഓഡിറ്റ് ഖണ്ഡിക 3.9)

3. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന പരാമർശം സംബന്ധിച്ചും നിർവ്വഹണ ഉദ്യോഗസ്ഥർ സമിതിയിൽ ഹാജരാകാതിരുന്നതിനുള്ള കാരണം സംബന്ധിച്ചും സമിതി ആരാഞ്ഞതിന് 31.10.2018-ന് മുമ്പ് എല്ലാ രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടർ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുള്ള കമ്മ്യൂണിക്കേഷനിലുണ്ടായ പിശക് മൂലമാണ് കുളത്തൂപ്പുഴ, ഇളമാട്, കടയ്ക്കൽ, മൈലം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാർക്ക് ഈ യോഗത്തിൽ ഹാജരാകാൻ സാധിക്കാത്തത് എന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

4. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ രേഖകൾ ഹാജരാക്കാതിരുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കാൻ കൃഷി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

5. 2003-04 കാലയളവിലെ വിഷയമായതിനാൽ പഞ്ചായത്ത് കുറച്ച് കൂടി കാര്യക്ഷമതയോടെ പ്രവർത്തിക്കണമെന്നും ഒരു മാസത്തിനുള്ളിൽ പദ്ധതി

നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് അടിയന്തരമായി സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**6. 2003-04 കാലയളവിലെ കേരള വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ രേഖകൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ നാളിതുവരെ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാതിരുന്ന നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഒരു മാസത്തിനുള്ളിൽ ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയ്ക്ക് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

2. <u>ഇളമാട് ഗ്രാമപഞ്ചായത്ത്</u>

(ഓഡിറ്റ് വർഷം 2003-04; ഓഡിറ്റ് ഖണ്ഡിക 3.6)

7. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**8. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

3, 5. <u>കടയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>

(ഓഡിറ്റ് വർഷം 2003-04; ഓഡിറ്റ് ഖണ്ഡിക 3.10, 3.13)

9. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കടയ്ക്കൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**10. പരാമർശ പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

4. <u>കടയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>

(ഓഡിറ്റ് വർഷം 2003-04; ഓഡിറ്റ് ഖണ്ഡിക 3.11)

11. പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**12. പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ ഹാജരാക്കുന്നതിനും, ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

6,7,8. <u>മൈലം ഗ്രാമപഞ്ചായത്ത്</u>

(ഓഡിറ്റ് വർഷം 2004-05; ഓഡിറ്റ് ഖണ്ഡിക 3.4, 2005-06 ഓഡിറ്റ് ഖണ്ഡിക 3.4., 3.6)

13. മൈലം ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**14. പരാമർശ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ ഹാജരാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചത്**

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചട്ടങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ പാലിക്കാതെ അധിക നിരക്ക് അനുവദിച്ച് നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | വർഷം/ ഖണ്ഡിക | പ്രവൃത്തിയുടെ പേര് | അധിക നിരക്ക് നൽകിയതു മൂലമുള്ള നഷ്ടം |
|---|---|---|---|
| കുന്നത്തൂർ | 2004-05 ഖ: 3.8 | 2004-05 വർഷം ചെയ്തിട്ടുള്ള വിവിധ പ്രവൃത്തികൾ | 7,008.00 |
| പെരിനാട് | 2003-04 ഖ: 3.20 | കുന്നന്നേൽ മുക്ക്-മതിലൂർമുക്ക് റോഡ് | 2,130.21 |
| പെരിനാട് | 2003-04 ഖ: 3.19 | ചരുവിള-പോച്ചുവിള റോഡ് | 5,281.00 |
| പെരിനാട് | 2005-06 ഖ: 3.24 | നന്തിരിക്കൽ-ഏഴാംകുറ്റി റോഡ് പുനരുദ്ധാരണം | 9,199.00 |
| പെരിനാട് | 2005-06 ഖ: 3.25 | 7-ാം വാർഡിൽ ഏഴാംകുറ്റി-നന്തിരിക്കൽ റോഡ് പുനരുദ്ധാരണം | 9,060.00 |
| ശൂരനാട് തെക്ക് | 2005-06 ഖ: 3.1 | എസ്.ജി.ആർ.വൈ. ഫണ്ടുപയോഗിച്ച് നടത്തിയ വിവിധ പ്രവൃത്തികൾ | 5,572.00 |
| ശൂരനാട് തെക്ക് | 2004-05 ഖ: 3.8 | അമ്പി വടക്കേമുക്ക് പുത്തൻവിള റോഡ് മെറ്റലിംഗ് | 10,498.00 |
| ശൂരനാട് തെക്ക് | 2004-05 ഖ: 3.9 | മുണ്ടകത്തറ ഭാഗം മുളമൂട്ടിൽവക റോഡ് പുനരുദ്ധാരണം-റീടാറിംഗ് | 7,818.00 |
| ക്ലാപ്പന | 2004-05 ഖ: 3.4 | വിവിധ എസ്.ജി.ആർ.വൈ. പ്രവൃത്തികൾ | 17,573.00 |
| ശാസ്താംകോട്ട | 2006-07 ഖ: 3.8 | വാഴോട്ടുമുക്ക് കുടാരത്തിൽമുക്ക് റോഡ് | 16,652.00 |
| ശാസ്താംകോട്ട | 2004-05 ഖ: 3.12 | എസ്.ജി.ആർ.വൈ. ഫണ്ടുപയോഗിച്ചുള്ള വിവിധ പ്രവൃത്തികൾ | 37,918.00 |
| തൊടിയൂർ | 2003-04 ഖ: 3.8 | വിവിധ മരാമത്ത് പ്രവൃത്തികൾ | 33,284.00 |
| തൊടിയൂർ | 2003-04 ഖ: 3.14 | വിവിധ മരാമത്ത് പ്രവൃത്തികൾ | 19,582.00 |

| | | | |
|---|---|---|---|
| കരുനാഗപ്പള്ളി | 2003-04<br>ഖ: 3.6 | എസ്.ജി.ആർ.വൈ. ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ | 4,78,610.00 |
| ക്ലാപ്പന | 2003-04<br>ഖ: 3.7 | വിവിധ മരാമത്ത് പ്രവൃത്തികൾ | 24,331.44 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.6.2]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

15. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.01.2005-ലെ 2/2005 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക 3.8)

പെരിനാട് ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക 3.20, 3.19)
(ഓഡിറ്റ് വർഷം 2005-06, ഓഡിറ്റ് ഖണ്ഡിക 3.24, 3.25)

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക 3.8, 3.9)
(ഓഡിറ്റ് വർഷം 2005-06, ഓഡിറ്റ് ഖണ്ഡിക 3.1)

ക്ലാപ്പന ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക 3.7)
(ഓഡിറ്റ് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക 3.4)

ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക 3.12)
(ഓഡിറ്റ് വർഷം 2006-07, ഓഡിറ്റ് ഖണ്ഡിക 3.8)

തൊടിയൂർ ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക 3.8, 3.14)

കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്
(ഓഡിറ്റ് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക 3.6)

16. കൂടാതെ, 2006-07 ഓഡിറ്റ് വർഷത്തെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക 3.8 ന്റെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധാകരനിൽ നിന്നും ഈടാക്കിയ തുക ടിയാൻ പഞ്ചായത്തിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് റീഫണ്ട് ചെയ്തു നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**17. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ മുൻ ഖണ്ഡിക 15-ൽ രേഖപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**18. ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധാകരനിൽ നിന്നും ഈടാക്കിയ തുക ടിയാൻ പഞ്ചായത്തിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് റീഫണ്ട് ചെയ്തു നൽകുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## <u>ഗ്രാമപഞ്ചായത്തുകൾ</u>

**പെരിനാട് ഗ്രാമപഞ്ചായത്ത്**

**<u>കോളനി പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം - പ്രോജക്ടിന് വിരുദ്ധമായി പണം ചെലവഴിച്ചു :</u>**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-04, ഖണ്ഡിക നമ്പർ : 3-22)

വിവിധ പട്ടികജാതി കോളനി പ്രദേശങ്ങളിൽ കയ്യാലകൾ കെട്ടി മണ്ണ് സംരക്ഷിക്കുന്നതിനുള്ള 2,10,000 രൂപയുടെ ഒരു പ്രോജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി. 51 ശതമാനം പട്ടികജാതിക്കാർക്കെങ്കിലും പ്രയോജനം ലഭിക്കുന്ന കോളനികളെ കണ്ടെത്തുന്നതിനായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർ നൽകിയ റിപ്പോർട്ടിൽ അനുയോജ്യമല്ലാത്തതെന്ന്

പറഞ്ഞിട്ടുള്ള വെള്ളിമൺ ഹരിജൻ സെറ്റിൽമെന്റ് കോളനി (വാർഡ് 2) പ്രദേശത്താണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മാത്രമല്ല പദ്ധതിയിൽ മൺകയ്യാലകെട്ടുക എന്നതാണ് നിഷ്കർഷിച്ചിരുന്നതെങ്കിലും ആ സ്ഥലത്ത് പാറയും സിമന്റും കൊണ്ട് കോമ്പൗണ്ട് വാൾ കെട്ടി കോൺക്രീറ്റ് ചെയ്യുകയാണുണ്ടായത്. ഇതിനായി 47,582 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രോജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 47,582 രൂപ ചെലവ് ചെയ്തു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.7.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

19. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി സംബന്ധിക്കുന്ന രേഖകൾ സമിതിയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**20. വിവിധ പട്ടികജാതി കോളനി പ്രദേശങ്ങളിൽ കൈയ്യാലകൾ കെട്ടി മണ്ണ് സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 47,582/- രൂപ ചെലവ് ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി പ്രോജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു.**

**21. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി ആരംഭിച്ചു എന്ന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റ് മുഖേന ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്**

**അക്ഷയ പദ്ധതി പരാജയം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 3-3)

ഗ്രാമപഞ്ചായത്തിലെ 7115 പേരെ കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ 4,26,900 രൂപ അക്ഷയ പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകുകയും ആദിച്ചനല്ലൂർ, കൊട്ടിയം എന്നീ അക്ഷയ കേന്ദ്രങ്ങളിൽ സംരംഭകരെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ 2004-05 ൽ ആരംഭിച്ച പദ്ധതിയിൽ 11.05.2007 വരെ 145 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളതെന്ന് കാണുന്നു. പദ്ധതിയുടെ ഒന്നാംഘട്ടം 30.06.2007-ന് അവസാനിക്കാനിരിക്കെ, അക്ഷയ കേന്ദ്രങ്ങളുടെ രണ്ട് സംരംഭകരും പദ്ധതിയുമായി സഹകരിക്കുന്നില്ലെന്നും ഫയലിൽ കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച തുടർനടപടികളൊന്നും ഉണ്ടായിക്കാണുന്നില്ല. കേരളത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി ഈ പഞ്ചായത്തിനെ സംബന്ധിച്ച് സമ്പൂർണ്ണ പരാജയമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.8.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

22. പ്രസ്തുത തുക തിരികെ അടവാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**23. പരാമർശ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിക്കാതെ നീക്കിയിരിപ്പായി നിലനിന്ന തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇട്ടിവ ഗ്രാമപഞ്ചായത്ത്**

**മണൽ ലേലം-വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടം-**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 1999-2000, 2000-01, 2001-02 ഖണ്ഡിക നമ്പർ 2-10)

ഇത്തിക്കരയാറ്റിലെ പുത്താർകടവിൽ നിന്നും 1.04.2000 മുതൽ 31.03.2001 വരെയുള്ള കാലയളവിലെ മണൽ വാരുന്നതിനുള്ള അവകാശം 2,42,000/- രൂപയ്ക്ക് ലേലം ചെയ്തു. ലേലത്തുകയിൽ നിന്നും 80,500/- രൂപ മാത്രമേ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളൂ. ബാക്കി തുകയായ 1,61,500/- രൂപ ഈടാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ ഈ കാലയളവിൽ ലേലക്കാരൻ കടവിൽ നിന്നും മണൽ വാരിയിട്ടുള്ളതായും, ടിയാളുടെ വള്ളങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട ഫയലുകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ലേല നിബന്ധനകൾ നിഷ്കർഷിക്കും വിധം മതിയായ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാതെ ലേലം ഉറപ്പിച്ചു കൊടുത്തതുവഴി പഞ്ചായത്തിന് നഷ്ടമായ 1,61,500/- രൂപ ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.9.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

24. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ കുറിച്ച് സമിതി ആരാഞ്ഞതിന് 1999-ൽ ഇത്തിക്കരയാറ്റിലെ പുത്താർ കടവിൽ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ലേലക്കാരനായ ശ്രീ. ആർ. ശശിധരന് 2,42,000/- രൂപയ്ക്ക് ലേലം നൽകിയിരുന്നു എന്നും എന്നാൽ ലേലത്തുകയിൽ നിന്നും 80,500/- രൂപ മാത്രമേ ടിയാൻ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടായിരുന്നുള്ളൂയെന്നും, തുടർന്ന് ബാക്കി തുകയായ 1,61,500/- രൂപ ഈടാക്കുന്നതിന് പഞ്ചായത്ത് ടിയാന് നോട്ടീസ് നൽകുകയും, ടിയാന്റെ 5 വള്ളങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു എന്നും എന്നാൽ ടിയാൻ അതിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് നൽകുകയും, നിയമാനുസൃതമായ മറ്റ് ഏതെങ്കിലും ഫോറം മുഖേന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ കോടതി വിധിയുണ്ടാകുകയും,

ഇതിനെ തുടർന്ന് വള്ളങ്ങൾ ലേലം ചെയ്യാൻ സാധിക്കാതെ നശിച്ചു പോകുകയുമുണ്ടായിയെന്നും, ഉത്തരവാദിയായ അന്നത്തെ സെക്രട്ടറിയുടെ പേരിൽ 1,61,500/- രൂപ ബാധ്യതയായി നിലകൊള്ളുകയും ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് മുമ്പ് തന്നെ സെക്രട്ടറി 28.04.2012-ൽ മരണപ്പെട്ടുകയുണ്ടായെന്നും ഇട്ടിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

25. നിയമനാനുസൃതമായി മറ്റേതെങ്കിലും ഫോറം മുഖേന പ്രശ്നം പരിഹരിക്കണമെന്ന കോടതി വിധിയിന്മേൽ പഞ്ചായത്ത് നടപടി സ്വീകരിക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് കോടതി വിധി സംബന്ധിച്ച് പഞ്ചായത്ത് യഥാസമയം അറിഞ്ഞിട്ടില്ലായെന്ന് ഇട്ടിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിനെ തുടർന്ന് മണൽ ലേലം നടത്തിയപ്പോൾ ലേലത്തിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്നും ലേല നിബന്ധനകൾ നിഷ്കർഷിക്കും വിധം മതിയായ സോൾവൻസി സർട്ടിഫിക്കറ്റും നിയമപരമായ സെക്യൂരിറ്റിയും വാങ്ങാതെയാണ് ലേലം ഉറപ്പിച്ചതെന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് മുമ്പ് തന്നെ ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടുകയും ചെയ്തു എന്ന് നിരീക്ഷിച്ച സമിതി സെക്യൂരിറ്റിയില്ലാതെ മണൽ ലേലം ചെയ്ത് നൽകിയതിലും കോടതി വിധി യഥാസമയം ഫോളോ അപ് ചെയ്യുന്ന കാര്യത്തിലും പഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായെന്ന് വിലയിരുത്തുകയുമുണ്ടായി.

## നിഗമനങ്ങൾ/ശിപാർശകൾ

**26. ഇത്തിക്കരയാറ്റിലെ പൂത്താർ കടവിൽ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ശ്രീ. ആർ. ശശിധരന് നൽകിയപ്പോൾ ലേലത്തിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്നും ലേല നിബന്ധനകൾ നിഷ്കർഷിക്കും വിധം മതിയായ സോൾവൻസി സർട്ടിഫിക്കറ്റും നിയമപരമായ സെക്യൂരിറ്റിയും വാങ്ങാതെയാണ് ലേലം ഉറപ്പിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു.**

**27. ലേലക്കാരനിൽ നിന്ന് നഷ്ടത്തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു മുമ്പ് തന്നെ ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടു എന്ന് സമിതി മനസ്സിലാക്കുന്നു.**

**28. സെക്യൂരിറ്റിയില്ലാതെ മണൽ ലേലം ചെയ്ത് നൽകിയ നടപടിയും നിയമാനുസൃതമായ മറ്റേതെങ്കിലും ഫോറം മുഖേന പ്രശ്നം പരിഹരിക്കണമെന്ന കോടതി വിധി യഥാസമയം ഫോളോ അപ് ചെയ്യുന്ന കാര്യത്തിലും പഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, കോടതിവിധിപ്രകാരം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബ്ലോക്ക് പഞ്ചായത്ത്**

**ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്**

**കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി-ആത്യന്തികമായി പാഴ്ചെലവായി മാറി**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 1998-99 മുതൽ 2004-05 വരെ, ഖണ്ഡിക നമ്പർ 3.25)

അസിസ്റ്റന്റ് കൃഷി ഡയറക്ടർ, ശാസ്താംകോട്ടയുടെ കാര്യനിർവ്വഹണാധികാരത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലേയും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക, യന്ത്രവത്കരണത്തിലൂടെ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക വഴി കർഷകർക്ക് നെൽകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, കർഷകരുടെ കൂട്ടായ്മ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. പ്രോജക്ട് നിർവ്വഹണത്തിനായി 14,47,345/- രൂപ റെയ്ഡ്കോ എന്ന സ്ഥാപനത്തിന് നൽകി, കൊയ്ത്ത് മെതിയന്ത്രം വാങ്ങിയിട്ടുണ്ട്. യന്ത്രത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി 81,552/- രൂപ വീണ്ടും പിൻവലിച്ചിട്ടുണ്ട്.

കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതുവരെയുള്ള നടപടികളല്ലാതെ പ്രോജക്ടിൽ പറയുംപ്രകാരമുള്ള തുടർനടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. യന്ത്രം എത്ര മണിക്കൂറുകൾ പ്രവർത്തിപ്പിച്ചുവെന്നോ, ഏതൊക്കെ പഞ്ചായത്തിലെ കർഷക സമിതികൾ യന്ത്രത്തിന്റെ ഗുണഭോക്താക്കളായി എന്നോ, എത്ര തുക വരവായി കിട്ടിയെന്നോ വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ ഇല്ല. യന്ത്രം ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത നിലയിലാണ്. 14,47,345/- രൂപ മുടക്കി വാങ്ങിയ ഉപകരണം ബ്ലോക്ക് പഞ്ചായത്തിലെ ഷെഡ്ഡുകളിൽ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്.

ആത്യന്തികമായി ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറുകയാണുണ്ടായത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.10.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II അയി ചേർക്കുന്നു.

29. ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലേയും കർഷകർക്ക് യന്ത്രവൽക്കരണത്തിലൂടെ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ കൊയ്ത്ത്- മെതിയന്ത്രം നിലവിൽ പൂർണ്ണമായും ഉപയോഗശൂന്യമായ അവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 2002-03-ൽ കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും 2004-ലാണ് പ്രസ്തുത യന്ത്രം ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയതെന്നും എന്നാൽ ആയത് പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതിയ്ക്കും ഉദ്യോഗസ്ഥർക്കും ആശങ്കയുണ്ടായിരുന്നതിനാൽ 2009-ന് ശേഷമാണ് യന്ത്രം പ്രവർത്തിപ്പിക്കാനാരംഭിച്ചത് എന്നും ആ ഇനത്തിൽ ഒരു ലക്ഷം രൂപയോളം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നും, 2010-ന് ശേഷം ചെറിയ തോതിലുള്ള മെയിന്റനൻസ് ആവശ്യമായി വരികയും കാലക്രമേണ യന്ത്രം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നെന്നും ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

30. പ്രസ്തുത യന്ത്രം പ്രവർത്തിപ്പിക്കുന്നതിൽ ആശങ്കയുണ്ടായിരുന്നുവെങ്കിൽ 14,47,345/- രൂപ മുടക്കി കൊയ്ത്ത് യന്ത്രം വാങ്ങിയത് എന്തിനായിരുന്നു എന്ന സമിതിയുടെ ചോദ്യത്തിന് കൊയ്ത്ത്-മെതിയന്ത്രവും ട്രാക്ടറും അനുബന്ധ സാധനങ്ങളും വാങ്ങിയതിൽ, 8,70,000/- രൂപയാണ് കൊയ്ത്ത് മെതിയന്ത്രത്തിന് ചെലവായതെന്നും നിലവിൽ യന്ത്രം പ്രവർത്തനക്ഷമമല്ലാത്തതിനാൽ റിപ്പയർ ചെയ്യുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും പ്ലാൻ ഫണ്ട് വകയിരുത്താത്തതിനാൽ ആയത് സാധിച്ചില്ലായെന്നും പിന്നീട് 2017-18-ൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച്

മെയിന്റനൻസ് നടത്താൻ ശ്രമിച്ചുവെങ്കിലും പ്രവർത്തനക്ഷമമാകില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം യന്ത്രം ലേലം നടത്തുന്നതിനുള്ള വാല്യുവേഷനുവേണ്ടി പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിൽ അയച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ ലേല നടപടികളുമായി മുന്നോട്ട് പോകുന്നതാണെന്നും ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

31. പ്രസ്തുത ട്രാക്ടർ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ആരുടെ കൈവശമാണെന്നും സമിതി ആരാഞ്ഞതിന് ശൂരനാട് വടക്ക് പഞ്ചായത്തിലെ നെടിയപാടം പാടശേഖര സമിതിക്കാണ് ട്രാക്ടർ നൽകിയിട്ടുള്ളതെന്നും; 2014-ൽ കൊല്ലം ജില്ലയിൽ 'പൊലിയോ പൊലി' എന്ന പദ്ധതി മുഖേന പല പഞ്ചായത്തുകളിലായി കേടായി കിടക്കുന്ന യന്ത്രങ്ങൾ റിപ്പയർ ചെയ്തു നൽകിയിട്ടുണ്ടെന്നും എന്നാൽ റിപ്പയർ ചെയ്യുന്നതിന് കൃഷി വകുപ്പിൽ പ്ലാൻ ഫണ്ട് വകയിരുത്തിയിരുന്നില്ലായെന്നും, രണ്ട് വർഷം പ്രവർത്തന രഹിതമായിരുന്നതിനാൽ 2017-18-ൽ വീണ്ടും റിപ്പയർ ചെയ്ത് ട്രാക്ടറും ട്രെയിലറും നെടിയപാടം പാടശേഖര സമിതിയെ ഏൽപ്പിക്കുകയാണ് ഉണ്ടായതെന്നും ശാസ്താംകോട്ട അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ മറുപടി നൽകി.

32. സമിതിയുടെ തെളിവെടുപ്പിനുള്ള നോട്ടീസ് ലഭിച്ചതിനു ശേഷമാണോ കൊയ്ത്ത് മെതിയന്ത്രത്തിന്റെ വാല്യുവേഷനായി പി.ഡബ്ല്യു.ഡി.യ്ക്ക് കത്ത് നൽകിയതെന്ന് സമിതി ആരാഞ്ഞതിന് ഓഡിറ്റിലെ പെൻഡിംഗ് ഖണ്ഡികകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിലാണ് ഉപയോഗശൂന്യമായി കിടക്കുന്ന യന്ത്രങ്ങൾ എന്തു ചെയ്യണമെന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

33. കൃത്യമായ പ്രോജക്ട് വയ്ക്കാതെ കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് വിമർശിച്ച

സമിതി കേടായ കൊയ്ത്ത് മെതിയന്ത്രം അടിയന്തിരമായി ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

34. **അസിസ്റ്റന്റ് കൃഷി ഡയറക്ടർ, ശാസ്താംകോട്ടയുടെ കാര്യ നിർവ്വഹണാധികാരത്തിൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലേയും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക, യന്ത്രവത്ക്കരണത്തിലൂടെ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക വഴി കർഷകർക്ക് നെൽകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും കൊയ്ത്ത് മെതിയന്ത്രം വാങ്ങിയ നടപടി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല എന്ന് സമിതി വിലയിരുത്തുന്നു.**

35. **കൃത്യമായ പ്രോജക്ട് വയ്ക്കാതെ കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ യന്ത്രം പ്രവർത്തനക്ഷമമല്ലെന്നും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നത് ആദായകരമായിരിക്കില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കേടായ കൊയ്ത്ത് മെതിയന്ത്രം അടിയന്തരമായി ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത്**

**അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട്-കോ ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 1998-99 മുതൽ 2005-06 വരെ ഖണ്ഡിക നമ്പർ 3.9)

23.12.1998-ലെ ചെക്ക് പ്രകാരം തൊഴിൽ സഹകരണസംഘം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി പ്ലാൻ ഫണ്ട് വിഹിതമായി 3,00,000/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടോ മറ്റേതെങ്കിലും രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 23.11.1998-ലെ സർക്കാർ നം.

49905/പി3/98 ത.ഭ.വ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി പണത്തിൽ നിന്ന് ഭീമമായ തുക നൽകിയിട്ടുള്ളത്. വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം രൂപീകരിക്കുന്നതിന് നൽകിയ പദ്ധതി വിഹിതം തുകയായ 3,00,000/- രൂപ നൽകിയ നടപടി ധനദുർവിനിയോഗമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

36. അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് കൊല്ലം കോർപ്പറേഷന്റെ ഭാഗമായതിനെ തുടർന്ന് നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സർക്കാർ/അർദ്ധ സർക്കാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനു വേണ്ടി രൂപീകരിച്ച സഹകരണ സംഘമാണ് അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെന്നും പ്രസ്തുത തൊഴിൽ സഹകരണ സംഘം പ്രോജക്ടിന്റെ നടത്തിപ്പിനായി പദ്ധതി വിഹിതത്തിൽ നിന്നും 3,00,000/- രൂപ അനുവദിച്ച് നൽകിയിരുന്നുവെന്നും വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി പണത്തിൽ നിന്നും ഭീമമായ തുക നൽകിയിട്ടുള്ളതെന്നും വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം രൂപീകരിക്കുന്നതിനു നൽകിയ പദ്ധതി വിഹിതം തുകയായ 3,00,000/- രൂപ നൽകിയ നടപടി ധനദുർവിനിയോഗമാണെന്നാണ് ഓഡിറ്റ് ഒബ്ജക്ഷൻ എന്നും കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവനുസരിച്ച് മൂന്നംഗ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിൽ കോർപ്പറേഷൻ പരിധിയിലുള്ള കിളികൊല്ലൂർ എന്ന സ്ഥലത്താണ് ടി സൊസൈറ്റി പ്രവർത്തിച്ച് വരുന്നതെന്നും, നിലവിൽ കോർപ്പറേഷൻ പരിധിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സൊസൈറ്റിയായി പ്രവർത്തിച്ച് വരുന്നുവെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

37. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനു ഹാജരാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് അടിയന്തിരമായി സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**38. 1998-99 വർഷം അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട ഗ്രാമപഞ്ചായത്ത് നിവാസികളെ അംഗങ്ങളാക്കി സർക്കാർ/അർദ്ധ സർക്കാർ തലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗുണമേന്മയോടെ നിർവ്വഹിക്കുന്നതിന് ലക്ഷ്യം വച്ച് കൊണ്ട് രൂപീകൃതമായ അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നടത്തിപ്പിനായി വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്ലാൻ ഫണ്ട് വിഹിതമായി 3,00,000/- രൂപ നൽകിയ നടപടി ധനദുർവിനിയോഗമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പരാമർശ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് ഭരണ വകുപ്പിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### റോഡ് റോളർ വാങ്ങിയതിലെ അപാകത

(ഓഡിറ്റ് റിപ്പോർട്ട് വർഷം 1998-99 മുതൽ 2005-06 വരെ ഖണ്ഡിക നമ്പർ 3.10)

അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് റോഡ് റോളർ വാങ്ങുന്നതിനായി 6,75,000 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച അംഗീകരിച്ച പ്രോജക്ട് പദ്ധതിപ്പണം ചെലവഴിച്ച് വാങ്ങിയ ഉപകരണത്തിന്റെ ഉപയോഗം, സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച രേഖകളോ കരാറോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റോഡ് റോളറിന്റെ വാടകയിനത്തിലുള്ള വരവ് സംബന്ധിച്ച വിശദാംശങ്ങളും, റോഡ് റോളർ ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണോയെന്നത് സംബന്ധിച്ച വിശദാംശങ്ങളും അറിയാൻ കഴിഞ്ഞിട്ടില്ല. ചെലവഴിച്ച 6,75,000/-രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.2]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർക്കുന്നു.

39. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് റോഡ് റോളർ വാങ്ങുന്നതിനായി 6,75,000/- രൂപ നൽകിയിട്ടുണ്ടെന്നും, റോഡ് റോളറിന്റെ വിലയായി 7,10,638/- രൂപയും ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ 25,500/- രൂപയും റോഡ് ടാക്സ് ഇനത്തിൽ 89,140/- രൂപയും, ഇൻഷ്വറൻസ് ഇനത്തിൽ 4,586/- രൂപയും ഉൾപ്പെടെ 8,29,000/- (എട്ട് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരം) രൂപ സൊസൈറ്റി ചെലവഴിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും 6,75,000/- രൂപയിൽ അധികം ചെലവായ തുക സൊസൈറ്റിയാണ് ചെലവഴിച്ചിട്ടുള്ളതെന്നും സൊസൈറ്റിയ്ക്ക് മറ്റൊരു ആവശ്യത്തിനായി 3,00,000/- രൂപയും നൽകിയിരുന്നു എന്നും അതിനു ശേഷം 15,000/- രൂപ ചെലവഴിച്ച് റോഡ് റോളർ റിപ്പയർ ചെയ്യുന്നതിനായി കുറച്ച് കൂടി തുക ചെലവഴിക്കാൻ സൊസൈറ്റി തയ്യാറാണെന്നും സമിതിയുടെ ഈ യോഗ തീരുമാനം അറിഞ്ഞതിനു ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി, അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അറിയിച്ചിട്ടുള്ളതായി ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

40. പ്രസ്തുത റോഡ് റോളർ പ്രവർത്തിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ടി ഇനത്തിൽ ലഭിച്ച വരവ് സംബന്ധിച്ച രേഖകൾ ലഭ്യമാണോ എന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത റോഡ് റോളറിന്റെ ആർ.സി. ബുക്ക് പരിശോധിച്ചതിൻ പ്രകാരം ആയത് സൊസൈറ്റിയുടെ പേരിലാണുള്ളതെന്നും 2012 വരെ ആകെ 12,000/- രൂപയോളം ലഭിച്ചിട്ടുണ്ടെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

41. പ്രസ്തുത റോഡ് റോളർ 2012 വരെ പ്രവർത്തിപ്പിച്ചിരുന്നതിന്റെയും ഇതിന്റെ വരവ് സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന എല്ലാ വസ്തുവകകളുടെയും ഉടമസ്ഥാവകാശം സർക്കാരിനാണെന്നും അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് സൊസൈറ്റി നിലവിൽ ടി സ്ഥലത്ത് പ്രവർത്തിക്കാത്തതു കൊണ്ടു ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ റോഡ് റോളർ തിരികെ ബ്ലോക്കിനു ലഭിക്കേണ്ടതാണ് എന്ന് നിരീക്ഷിച്ച സമിതി ടി വിഷയം സംബന്ധിച്ചും സർക്കാർ പരിശോധിക്കണമെന്നും നിർദ്ദേശിച്ചു.

42. കൂടാതെ പ്രസ്തുത സൊസൈറ്റി നിലവിലുണ്ടോ എന്നത് സംബന്ധിച്ചും ഇതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും അന്വേഷണം നടത്തി സർക്കാർ ഓഡിറ്റ് മുഖേന അടിയന്തിരമായി സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**43. അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് വാങ്ങിയ റോഡ് റോളർ 2012 വരെ പ്രവർത്തിപ്പിച്ചിരുന്നതിന്റെയും ആയതിന്റെ വരവ് സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**44. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് വാങ്ങിയ റോഡ് റോളറിന്റെ ഉടമസ്ഥാവകാശം സഹകരണ സംഘത്തിന്റെ പേരിൽ എപ്രകാരമായെന്ന് അന്വേഷണം നടത്തണമെന്നും, റോഡ് റോളറിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത സൊസൈറ്റി നിലവിലുണ്ടോയെന്നത് സംബന്ധിച്ചും ഇതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും അന്വേഷണം നടത്തി ഓഡിറ്റ് മുഖേന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**<u>വൃദ്ധസദനത്തിന്റെ കെട്ടിടനിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല</u>**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 1998-99 മുതൽ 2005-06 വരെ; ഖണ്ഡിക നമ്പർ 3.24)

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് വാടക ഇനത്തിൽ തുക ലാഭിക്കുന്നതിനുവേണ്ടി കിളികൊല്ലൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 1800 ച.അടി വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിച്ചു. ഇതിനായി 2,04,712/- രൂപ നൽകി. എന്നാൽ ഇതുവരെ ഈ പണി നടന്നിട്ടില്ല. ഇപ്പോഴും വൃദ്ധസദനം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഹാബിറ്റാറ്റ്

സെക്രട്ടറിയുടെ കൈപ്പറ്റ് രസീത് മാത്രമേ ഫയലിലുള്ളൂ. ഹാബിറ്റാറ്റ് ഗ്രൂപ്പിൽ നിന്നും തുക തിരികെ ഈടാക്കാൻ യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.11.3]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വൃദ്ധസദനം നിർമ്മിക്കുന്നതിനായി 28.03.2000-ൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 2,04,712/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് ആയി കൈമാറിയിട്ടുണ്ടെന്നും എന്നാൽ ഹാബിറ്റാറ്റ് പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിനാൽ 18 ശതമാനം പലിശ സഹിതം തുക ഈടാക്കുന്നതിനായി റിക്കവറി നടപടികൾ ആരംഭിച്ചിരുന്നുവെന്നും തുടർന്ന് സെക്രട്ടേറിയറ്റിൽ വച്ച് ചേർന്ന യോഗത്തിൽ ഹാബിറ്റാറ്റ് ചെയർമാനായ ശ്രീ. ജി. ശങ്കറുമായി ഈ വിഷയം സംബന്ധിച്ച് ചർച്ച് നടത്തുകയും ചെയ്തുവെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൻ പ്രകാരം ഈ കാലയളവിൽ ഹാബിറ്റാറ്റ് ഗ്രൂപ്പ് ടി പ്രദേശത്ത് ഫൗണ്ടേഷൻ കെട്ടിയിരുന്നു എന്നും എന്നാൽ ആയത് പൊളിച്ച് നീക്കിയാണ് കൊല്ലം കോർപ്പറേഷന്റെ സ്കീമിലുള്ള പകൽ വീടും വൃദ്ധസദനത്തിനുള്ള കെട്ടിടവും നിർമ്മിച്ചിരിക്കുന്നതെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് തുടർനടപടി സ്വീകരിക്കാതിരുന്നതിനാലാണ് കാലതാമസമുണ്ടായതെന്നും ഈ സാഹചര്യത്തിലാണ് റിക്കവറി നടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് ഹാബിറ്റാറ്റ് ഗ്രൂപ്പ് നോട്ടീസ് നൽകിയിരിക്കുന്നതെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കൂടാതെ വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന മാത്രമേ 18 ശതമാനം പലിശ സഹിതം ടി തുക തിരികെ ഒടുക്കുന്നതിനായി റിക്കവറി നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും നിർമ്മാണ പ്രവൃത്തികൾ കൊല്ലം ജില്ലയിലാണ് ചെയ്തിട്ടുള്ളതെങ്കിലും ഹാബിറ്റാറ്റിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരമായതിനാൽ റിക്കവറി നടപടികൾക്കായി തിരുവനന്തപുരം ജില്ലാ

കളക്ടർ കത്ത് നൽകിയിട്ടുണ്ടെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് കത്തുകളും മറ്റ് രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും ആർ.ആർ. ഡെപ്യൂട്ടി കളക്ടർ ഉറപ്പു നൽകിയിട്ടുള്ളതായി കൊല്ലം നഗരസഭ സെക്രട്ടറി മറുപടി നൽകി.

46. പ്രസ്തുത പ്രോജക്ടിന്റെ ആകെ എസ്റ്റിമേറ്റും എഗ്രിമെന്റും സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ടി പ്രോജക്ടിന്റെ ആകെ എസ്റ്റിമേറ്റ് 14,86,681/- രൂപ ആയിരുന്നു എന്നും എന്നാൽ ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയത് 10,23,958/- രൂപയായി പരിമിതപ്പെടുത്തുകയുണ്ടായെന്നും ഹാബിറ്റാറ്റ് അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഇത് സംബന്ധിച്ച് കത്തും എഗ്രിമെന്റും നൽകിയിട്ടുണ്ടെന്നും പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട ലോക്കൽ ഇഷ്യൂ ഉണ്ടായിട്ടുണ്ടെന്നും എന്നാൽ ആയത് സംബന്ധിച്ച ചർച്ചകൾ നടന്നിട്ടുള്ളതായി രേഖകൾ ഇല്ലായെന്നും ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും ഹാബിറ്റാറ്റിന്റെ ചീഫ് ആർക്കിടെക്ടായ ശ്രീ. ജി. ശങ്കർ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നൽകുകയും മറുപടിയായി സർക്കാർ ഹാബിറ്റാറ്റ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട തുടർനടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് 2007-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മുൻകൂറായി അഡ്വാൻസ് നൽകിയ തുകയായ 2,04,712/- രൂപ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും റവന്യൂ റിക്കവറികൾ നിറുത്തിവക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ കത്ത് വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ എന്നും പകൽ വീട് നിർമ്മിച്ച സ്ഥലത്ത് വൃദ്ധസദനത്തിനായി ഫൗണ്ടേഷൻ കെട്ടിയിട്ടുണ്ടായിരുന്നോ എന്നത് സംബന്ധിച്ച് കൊല്ലം നഗരസഭയ്ക്ക് അറിവുണ്ടായിരുന്നോയെന്നും ആയതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ആരുടെ കൈവശമാണുള്ളതെന്നും സമിതി ആരാഞ്ഞതിന് നിലവിൽ കൊല്ലം കോർപ്പറേഷന്റെ ഭാഗമായ പഴയ അഞ്ചാലുമൂട് ബ്ലോക്ക് പഞ്ചായത്തിലെ കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിലാണ് ബോധിനി ബഡ്സ് സ്കൂളും പകൽ വീടും സ്ഥിതി ചെയ്യുന്നതെന്നും അവ പുതിയതായി നിർമ്മിച്ചതാണെന്നും കൊല്ലം നഗരസഭാ സെക്രട്ടറിയും വകുപ്പ് മന്ത്രിയുടെ കത്ത് സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ടെന്നും അഡ്വാൻസ്, എഗ്രിമെന്റ് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാമെന്ന് ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും മറുപടി നൽകി.

47. ഗവൺമെന്റ് തലത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെയും കൊല്ലം നഗരസഭയുടെയും സംയുക്ത യോഗം കൂടിയാൽ മാത്രമേ ഈ വിഷയത്തിൽ പരിഹാരം കാണാൻ സാധിക്കുകയുള്ളൂയെന്നും അതിനായി ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിനു ഹാജരാക്കണമെന്നും അല്ലാത്തപക്ഷം 2009-ലെ സർക്കാർ നിർദ്ദേശ പ്രകാരം റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ട സമിതി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം വീണ്ടും പരിഗണിക്കാമെന്ന് തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**48. അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വൃദ്ധസദനം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 2 ലക്ഷം രൂപ പ്രവർത്തി ആരംഭിക്കാത്തതിനാൽ തിരികെ ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുകയും എന്നാൽ ഹാബിറ്റാറ്റിന്റെ അപേക്ഷ പ്രകാരം റവന്യൂ റിക്കവറി താല്ക്കാലികമായി നിർത്തിവയ്ക്കുകയാണുണ്ടായതെന്നും വകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. നിലവിൽ കൊല്ലം കോർപ്പറേഷന്റെ സ്കീമിലുള്ള പകൽ വീടും വൃദ്ധസദനത്തിനുള്ള കെട്ടിടവും നിർമ്മിച്ചിരിക്കുന്നതിനാൽ പരാമർശവിധേയമായ സ്ഥലത്ത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്തെങ്കിലും പണി നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല എന്നും പ്രവൃത്തി സംബന്ധിച്ച അഡ്വാൻസ്, എഗ്രിമെന്റ് എന്നിവ സംബന്ധിച്ച രേഖകൾ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഗവൺമെന്റ് തലത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെയും കൊല്ലം നഗരസഭയുടെയും സംയുക്ത യോഗം കൂടിയാൽ മാത്രമേ പരിഹാരം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂയെന്ന് സമിതി മനസ്സിലാക്കുന്നു. അതിനായി**

**ചിറ്റമല ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിനു ഹാജരാക്കണമെന്നും അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

## കൊല്ലം കോർപ്പറേഷൻ

ഓഡിറ്റ് ഖണ്ഡിക

**<u>വാടക കുടിശ്ശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കി നഷ്ടം 7,08,326/- രൂപ</u>**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-2007; ഖണ്ഡിക നമ്പർ: 2.8)

കൗൺസിൽ തീരുമാനപ്രകാരം പൊളിച്ചു നീക്കിയ 57 ബങ്കുകളുടെ വാടക കുടിശ്ശികയിൽ ഒരു ഭാഗം ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയും, ശേഷിച്ചത് ഈടാക്കാതിരിക്കുകയും ചെയ്തതുമൂലം നഗരസഭയ്ക്ക് 7,08,326/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

26.02.2007-ലെ 8-ാം നമ്പർ തീരുമാനപ്രകാരം പൊളിച്ചുനീക്കിയ 57 ബങ്കുകളുടെ 2005-2006, 2006-2007 വാർഷങ്ങളിലെ വാടക, കുടിശ്ശിക ഡിമാന്റിൽ നിന്നും ഒഴിവാക്കുവാൻ 21.03.2007-ൽ കൗൺസിൽ തീരുമാനിച്ചു. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പാട്ടക്കാർക്കും, ലൈസൻസികൾക്കും, കരാറുകാർക്കും ഇപ്രകാരം സ്വമേധയാ കിസ്തിളവ് നൽകുവാൻ അനുവാദമില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതിയും ലഭിച്ചിട്ടില്ല. വാടക കുടിശ്ശിക ഇളവ് ചെയ്ത് ലഭിക്കുന്നതിന് ഉടമകൾ അപേക്ഷിക്കുകയും ചെയ്തിട്ടില്ല. ചട്ടവിരുദ്ധമായ ഈ നടപടിക്ക് പുറമേ പൊളിച്ചുനീക്കിയ ബങ്കുകളുടെ 2000-2001 മുതൽ 2004-2005 വരെയുള്ള വാടക കുടിശ്ശിക ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് 7,08,326/- രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. പിഴപ്പലിശ സഹിതം വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 4.1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

49. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കൗൺസിൽ തീരുമാന പ്രകാരം പൊളിച്ച് നീക്കിയ 57 ബങ്കുകളുടെ വാടക കുടിശ്ശികയിൽ ഒരു ഭാഗം ഒഴിവാക്കുകയും ശേഷിച്ചത് ഈടാക്കാതിരിക്കുകയും ചെയ്തതു മൂലം കൊല്ലം നഗരസഭയ്ക്ക് 7,08,326/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും വാടക കുടിശ്ശിക വരുത്തിയ വ്യക്തികളുടെ മേൽവിലാസം ലഭ്യമല്ലാത്തതിനാൽ നോട്ടീസ് നൽകി തുക ഈടാക്കാനോ ആർ. ആർ. നടപടി സ്വീകരിക്കാനോ സാധിച്ചില്ലായെന്നും പിന്നീട് പ്രസ്തുത തുക കോർപ്പറേഷന് റിയലൈസ് ചെയ്യാൻ സാധിക്കാത്ത തുകയാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആയത് ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ കൗൺസിൽ തീരുമാനിക്കുകയും സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകിയതിന് പ്രസ്തുത കത്ത് 8.10.2018-ലാണ് ലഭിച്ചിട്ടുള്ളതെന്നും ആയത് സർക്കാർ പരിശോധിച്ച് വരുകയാണെന്നും വാടക കുടിശ്ശിക ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസലാണ് നിലവിൽ നഗരസഭ നൽകിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

50. രണ്ട് വർഷങ്ങളിലെ വാടക കുടിശ്ശിക പിരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ കൗൺസിൽ നടപടി സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഈ വിഷയത്തിൽ ലയബിലിറ്റി ഫിക്സ് ചെയ്യുന്നതിന് നിയമ തടസ്സമില്ലായെന്നും നടപടിക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും കുടിശ്ശിക തുക ഒഴിവാക്കാനാണ് മുൻസിപ്പൽ കൗൺസിൽ തീരുമാനിച്ചിരിക്കുന്നതെന്നും, ചട്ടം പ്രകാരം കുടിശ്ശിക ഈടാക്കാൻ കഴിയുകയില്ലെന്ന് അന്വേഷണം നടത്തി സെക്രട്ടറിയ്ക്ക് ബോദ്ധ്യമാകുകയാണെങ്കിൽ കാര്യകാരണ സഹിതം സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് നൽകുകയും കൗൺസിൽ ആയത് അംഗീകരിക്കുന്ന പക്ഷം സർക്കാരിന്റെ അനുമതിയോടു കൂടി ഒഴിവാക്കേണ്ടതാണെന്നും എന്നാൽ ഇവിടെ സർക്കാരിന്റെ അനുമതിയില്ലാതെയാണ് ഒഴിവാക്കാൻ തീരുമാനിച്ചിരുന്നതെന്നും പിന്നീടാണ് സർക്കാരിലേയ്ക്ക് കത്ത് അയച്ചതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

51. നിലവിൽ രേഖകൾ ആധാറുമായോ ഐ.ഡി. കാർഡുമായോ ലിങ്ക് ചെയ്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആയത് ലിങ്ക് ചെയ്ത

കൊണ്ടിരിക്കുകയാണെന്നും നിലവിൽ എല്ലാ എഗ്രിമെന്റിനും പൂർണ്ണമായ അഡ്രസ്സും ഐ.ഡി. പ്രൂഫും വാങ്ങിയതിനു ശേഷം മാത്രമേ അനുമതി നൽകി വരുന്നുള്ളുവെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി. തുടർന്ന് ഈ വിഷയത്തിൽ നടപടിക്രമം പാലിച്ച് സർക്കാരിലേയ്ക്ക് റീ-സബ്മിഷൻ നൽകാമെന്നും വാടക കുടിശ്ശികക്കാരെ തിരിച്ചറിയാൻ സാധിക്കുമോ എന്ന് നോക്കിയതിനു ശേഷം സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം ഫിനാൻസ് കമ്മിറ്റിയുടെ അപ്രൂവലോടുകൂടി കൗൺസിലിൽ വച്ച് ഗവൺമെന്റിന് നൽകുമെന്നും കൊല്ലം നഗരസഭാ സെക്രട്ടറി ഉറപ്പു നൽകി.

52. പഴയ സിസ്റ്റത്തിൽ മാറ്റം അനിവാര്യമാണെന്നും എല്ലാ നഗരസഭകളിലും അസറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തണമെന്നും നിലവിലെ സ്ഥിതി എത്രയും വേഗം പരിശോധിക്കാൻ തീരുമാനം കൈക്കൊള്ളണമെന്നും ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിനു മുമ്പ് തന്നെ വാടക, വാടക കുടിശ്ശിക എന്നിവ ഈടാക്കുന്നതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് സർക്കാർ സമിതിയ്ക്ക് ലഭ്യമാക്കണമെന്നും ആയത് തൃപ്തികരമാണെങ്കിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനം കൈക്കൊള്ളുമെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

**53. കൊല്ലം നഗരസഭാ പരിധിയിൽ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിരുന്ന 57 ബങ്കുകൾ റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ചു നീക്കിയപ്പോൾ ടി ബങ്കുകളുടെ വാടക കുടിശ്ശിക ടിയാളുകളുടെ മേൽവിലാസം ലഭ്യമല്ലാത്തതിനാൽ വാടക കുടിശ്ശികയിൽ ഒരു ഭാഗം ഡിമാന്റിൽ നിന്നും ഒഴിവാക്കുകയും ശേഷിച്ചത് ഈടാക്കാതിരിക്കുകയും ചെയ്ത നടപടി ചട്ട വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. 2005-06, 2006-07 വർഷങ്ങളിലെ വാടക കുടിശ്ശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കുവാൻ കൗൺസിൽ തീരുമാനം കൈകൊണ്ടിട്ട് ഏകദേശം 11 വർഷങ്ങൾക്ക് ശേഷമാണ് സർക്കാർ അനുമതിയ്ക്കായി നടപടി സ്വീകരിച്ചതെന്നും വാടക കുടിശ്ശിക വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നതും കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായും സമിതി വിലയിരുത്തുന്നു. ഈ വിഷയത്തിൽ നടപടിക്രമം പാലിച്ച്**

**സർക്കാരിലേയ്ക്ക് റീ സബ്മിഷൻ നൽകാമെന്ന് നഗരസഭാ സെക്രട്ടറി സമിതിക്ക് നൽകിയ ഉറപ്പിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**54. എല്ലാ നഗരസഭകളിലും അസറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും നിലവിലെ സ്ഥിതി കാലതാമസംകൂടാതെ പരിശോധിക്കാൻ തീരുമാനം കൈക്കൊള്ളണമെന്നും ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിനു മുമ്പ് തന്നെ സർക്കാർ വാടക, വാടക കുടിശ്ശിക എന്നിവ ഈടാക്കുന്നതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടൗൺ ഹാൾ നവീകരണം-ഭീമമായ തുകയുടെ അധിക ചെലവ്-അന്വേഷണം ആവശ്യപ്പെടുന്നത് സംബന്ധിച്ച്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-2007, ഖണ്ഡിക നമ്പർ 3.24)

മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 94,32,000 രൂപ ചെലവഴിച്ച് നടപ്പാക്കിയ ശ്രീ. കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ പുനരുദ്ധാരണത്തിന് ക്രമവിരുദ്ധമായ നടപടികളിലൂടെ നഗരസഭയ്ക്ക് ഭീമമായ തുക അധികം ചെലവായി. ടൗൺ ഹാളിൽ 22 റ്റി.ആർ.-ന്റെ 6 എ. സി. സ്ഥാപിക്കുക, കെ. വി. എ. ജനറേറ്റർ സ്ഥാപിക്കുക, മുറി ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള അനുബന്ധ ജോലികൾ ചെയ്യുക എന്നിവയ്ക്കായി കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി 30.03.2006- ന് 1,50,69,000/- രൂപയുടെ കരാർ ഒപ്പുവച്ചു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ടെന്റർ ക്ഷണിക്കുകയോ ചെയ്യാതെയാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. കോർപ്പറേഷൻ ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയറുടെ അഭിപ്രായം പരിഗണിക്കുകയോ, എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയിലുടനീളം ക്രമവിരുദ്ധമായി തുകചെലവഴിച്ചത് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.1.2]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

55. പ്രസ്തുത വിഷയത്തെപ്പറ്റി എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ക്രമവിരുദ്ധമായ നടപടികളിലൂടെ നഗരസഭയ്ക്ക് ഭീമമായ തുക അധിക ചെലവായി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഹാളിൽ എ. സി., ജനറേറ്റർ, മുറി ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള അനുബന്ധ ജോലികൾക്കായി 'കെൽ' എന്ന ഏജൻസിയെ നേരിട്ട് നിയമിച്ചുകൊണ്ടുള്ള ഒരു പ്രോജക്ടായിരുന്നു ഇത് എന്നും ആയതിന് സർക്കാർ ഉത്തരവുണ്ടായിരുന്നുവെന്നും ഒന്നരക്കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി 'കെൽ'-മായി എഗ്രിമെന്റ് വയ്ക്കുകയും അതിനു ശേഷം വിശദമായ ചർച്ച നടത്തി തുക കുറയ്ക്കുകയും ചെയ്തിട്ടാണ് വർക്ക് ചെയ്തതെന്നും ആയതിനു പ്രോജക്ടും എസ്റ്റിമേറ്റും ഉണ്ടെന്നും, ഇലക്ട്രിക്കൽ വർക്കായതു കൊണ്ടു ഒരു ഗവൺമെന്റ് ഏജൻസി എന്ന രീതിയിൽ അവരുമായി പ്രാഥമിക ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 'കെൽ' ആണ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് നൽകിയതെന്നും കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകി.

56. കെൽ-നെ കോർപ്പറേഷൻ ഒരു ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് ഏൽപ്പിക്കുമ്പോൾ 'കെൽ' ആദ്യം ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കോർപ്പറേഷനു സമർപ്പിക്കേണ്ടതും കോർപ്പറേഷൻ ചർച്ച ചെയ്ത് പ്രസ്തുത തുക വകയിരുത്താൻ തീരുമാനിക്കുകയും അതിനു ശേഷം പ്രസ്തുത പ്രോജക്ടിന് ഡി.പി.സി. അംഗീകാരവും ടി.എസ്. കമ്മിറ്റിയുടെ അംഗീകാരവും വാങ്ങി ടെണ്ടർ നടപടികളിലേയ്ക്ക് പോകേണ്ടതാണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശമനുസരിച്ച് കോർപ്പറേഷന്റെ കൈവശം എസ്റ്റിമേറ്റും ഡി.പി.സി. അംഗീകാരവും ടി.എസും ഇല്ലെന്നും സമിതി നിരീക്ഷിച്ചു. അംഗീകൃത ഏജൻസിയാണെങ്കിലും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് വച്ച് ഭരണാനുമതി നൽകാൻ സാധിക്കില്ല എന്ന് ധനകാര്യ വകുപ്പുദ്യോഗസ്ഥർ ചൂണ്ടിക്കാണിച്ചു. 46,25,000/- രൂപ അഡ്വാൻസായി 'കെല്ലിന്' നൽകിയിരുന്നുവെന്നും ആയതിന് സർക്കാരിൽ നിന്നും പിന്നീട് സാധൂകരണം വാങ്ങിയിരുന്നുവെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത എസ്റ്റിമേറ്റിന്റെ പകർപ്പ് ആവശ്യപ്പെട്ടതിനു കോർപ്പറേഷൻ ആയത് നൽകിയാണ് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടുള്ളത് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

57. മതിയായ അംഗീകാരം വാങ്ങാതിരുന്ന പ്രോജക്ടിന് സർക്കാർ ഭരണാനുമതി നൽകിയത് എങ്ങനെ എന്ന സമിതിയുടെ ചോദ്യത്തിന് 2006-ലാണ് ഭരണാനുമതി നൽകിയതെന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഫീസർ മറുപടി നൽകി. ഓഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്നാണ് കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിട്ടുള്ളതെന്നും മെയിന്റനൻസ് വാല്യുവിന് പ്രോജക്ട് മാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടുണ്ടെന്നും, എന്നാൽ ആ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ലായെന്നും കോർപ്പറേഷൻ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി നടന്നോ എന്ന് വാല്യുവേഷൻ നടത്തിയിട്ടില്ലായെന്നും കോടതിയിൽ കേസ് വന്നതിനുശേഷമാണ് തുക നൽകിയിട്ടുള്ളതെന്നും ഓഡിറ്റ് വകുപ്പിനു വാല്യുവേറ്റ് ചെയ്യാനോ പരിശോധിക്കാനോ സാധിക്കില്ലായെന്നും സർക്കാർ തലത്തിൽ അന്വേഷണം നടത്തി തീരുമാനമെടുക്കേണ്ടതാണെന്നും കൊടുത്ത തുകയുടെ കണക്കോ രേഖകളോ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് വകുപ്പിനു പരിശോധിക്കാൻ നിർവ്വാഹമില്ലായെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു, തുടർന്ന് കോടതി വിധി പ്രകാരം indemnity bond വച്ചാണ് കെല്ലിന് തുക നൽകിയിരിക്കുന്നതെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

58. കോർപ്പറേഷന്റെ കൈവശം പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കെൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പീസ് റേറ്റിലാണ് എടുത്തിട്ടുള്ളതെന്നും അവയ്ക്ക് മാർക്കറ്റ് റേറ്റിൽ നിന്നും വ്യത്യാസം വന്നതിനാലാണ് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകിയതിനെ തുടർന്ന് ആയതിന്റെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത വർക്ക് വാല്യുവേഷൻ നടത്തിയിട്ടില്ലായെന്നും ടി കെട്ടിടം ദീർഘകാലമായി ഉപയോഗിച്ചു വരുന്നുവെന്നും കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകി. തുടർന്ന് കെൽ-ന് എഗ്രിമെന്റ് പ്രകാരമുള്ള അഡ്വാൻസ് നൽകുന്നതിനാണ് സർക്കാർ ഉത്തരവുള്ളതെന്നും എന്നാൽ പ്രവൃത്തിയ്ക്ക് അംഗീകാരം നൽകിയിട്ടില്ലായെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

59. പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിനു എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് എ.എസ്. ഉം ടി.എസ്. ഉം ഇല്ലാതെ വർക്ക് അവാർഡ് ചെയ്തുവെന്നും ഇലക്ട്രിക്കൽ, പർച്ചേസ്, സിവിൽ എന്നീ കംപോണന്റുകൾ പ്രസ്തുത

പ്രവൃത്തിയിൽ വന്നിട്ടുണ്ടെന്നും അവയ്ക്ക് എ.എസും. ടി.എസും ഇല്ലാതെ വർക്ക് അവാർഡ് ചെയ്തത് എങ്ങനെ എന്ന് അറിയില്ലായെന്നും, കെൽ ഒരു അക്രെഡിറ്റഡ് ഏജൻസിയായതു കൊണ്ടു ടെണ്ടറില്ലാതെ പ്രവൃത്തി ഏൽപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ പറയുന്നുണ്ടെന്നും എന്നാൽ ധനകാര്യ വകുപ്പിൽ നിന്നും ഇത്തരത്തിൽ ഒരു ഉത്തരവ് നൽകാറില്ലെന്നും റഫ് കോസ്റ്റിൽ ഒരിക്കലും പ്രസ്തുത പ്രവൃത്തി ചെയ്യാൻ സാധിക്കുകയില്ലായെന്നും ധനകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

60. ഭാഗികമായി ടെണ്ടർ ചെയ്താൽ പ്രസ്തുത വർക്ക് തീരില്ലായെന്നും വർക്കിൽ പർച്ചേസും സിവിൽവർക്കും എല്ലാമുണ്ടെങ്കിലും അവ ഓരോന്നായി ചെയ്യാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി അഭിപ്രായപ്പെട്ടതിനെതുടർന്ന് ഗവൺമെന്റ് വകുപ്പുകളിൽ പ്രോജക്ടുകൾ നൽകുമ്പോൾ അതിന്റെ ഓരോ കംപോണന്റും പ്രത്യേകമായി തന്നെയാണ് ടെണ്ടർ ചെയ്യുന്നതെന്നും പർച്ചേസ്, സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ ഓരോന്നും പ്രത്യേകമായി തന്നെയാണ് ചെയ്യുന്നതെന്നും ധനകാര്യ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

61. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഡി.ജി. സൈറ്റിന്റെ റേറ്റ് പ്രകാരം 20,52,000/- രൂപ ചെലവ് വരുന്നതിന് 40.50 ലക്ഷം രൂപയുടെ പുതുക്കിയ എഗ്രിമെന്റ് വച്ചതിന്റെ മാനദണ്ഡം വ്യക്തമല്ലെന്ന് ഒറിജിനൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും സ്റ്റാന്റ് ബൈ എ.സി.യുടെ വിലയായ 10 ലക്ഷം രൂപ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

62. സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ നവീകരണത്തിനായി അഡ്വാൻസ് നൽകുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് 27.06.2006-ൽ സർക്കാരിലേയ്ക്ക് കത്ത് നൽകിയിരുന്നുവെന്നും 'കെൽ' ഒരു ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസിയായതിനാൽ മെയിന്റനൻസ് ഫണ്ടിൽ നിന്നും അഡ്വാൻസ് തുക നൽകാമെന്നും അങ്ങനെയാണ് അഡ്വാൻസ് നൽകിയത് സാധൂകരിച്ചതെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത കത്തിൽ കെല്ലിന് അഡ്വാൻസ് കൊടുക്കുന്ന വിഷയം മാത്രമാണ് പരിഗണിച്ചിട്ടുള്ളതെന്നും ബാക്കി തുകകൾ എങ്ങനെ കൊടുത്തുവെന്നുള്ളതാണ് വിഷയമെന്നും അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ് സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

63. മുൻകാലങ്ങളിൽ കെൽ പോലെയുള്ള അപ്രൂവ്ഡ് ഏജൻസികൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എം.പാനൽ കോൺട്രാക്ടർമാർക്ക് നൽകാൻ വ്യവസ്ഥയുണ്ടായിരുന്നുവെന്നും എന്നാൽ പുതിയ ഉത്തരവ് പ്രകാരം ടെണ്ടർ ചെയ്ത് കോമ്പറ്റീറ്റീവ് ക്വട്ടേഷൻ ക്ഷണിച്ച് മാത്രമേ വർക്ക് നൽകാൻ സാധിക്കുകയുള്ളുവെന്നും നിലവിൽ ടെണ്ടർ, റീ-ടെണ്ടർ നടപടികളൊക്കെ അവർക്കും ബാധകമാണെന്നും കോർപ്പറേഷൻ കൗൺസിൽ എ.എസ്. ഉം കെൽ ടി.എസും നൽകി പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ 'കെൽ' ഒരു പൊതുമേഖലാ സ്ഥാപനമെന്ന് പരിഗണിച്ച് പ്രസ്തുത കേസ് അവസാനിപ്പിക്കാമെന്നും ഡി.പി.സി. അംഗീകാരമില്ലെങ്കിലും സർക്കാരിൽ നിന്നും ഡി.പി.സി.യുടെ പ്രശ്നം ഓവർ റൂൾ ചെയ്തിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ തിട്ടപ്പെടുത്തി നൽകിയാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന ഓഡിറ്റിന്റെ അഭിപ്രായം പരിഗണിച്ചുകൊണ്ട് പ്രസ്തുത വിഷയം സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കണമെന്നതിനെ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളുവെന്നും അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

**64. പരാമർശവിധേയമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി കോമ്പിറ്റന്റ് അതോറിറ്റിയിൽ നിന്നും അംഗീകാരം ലഭ്യമാക്കിയ ശേഷം തുടർ നടപടി സ്വീകരിച്ചാൽ മതി എന്ന കോർപ്പറേഷൻ എഞ്ചിനീയറുടെ റിപ്പോർട്ടിനെ മറികടന്ന് എസി, ജനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റും ഓരോന്നിനും പ്രത്യേക എഗ്രിമെന്റും 'കെൽ' സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനം ഒരു സർക്കാർ പൊതുമേഖലാ സ്ഥാപനമായതിനാൽ സ്ഥാപനങ്ങളിലെ ക്ഷമതയുള്ള എഞ്ചിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് ആവശ്യമായ സാങ്കേതിക അനുമതി അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേടിയെടുക്കേണ്ടത് 'കെൽ'-ന്റെ ചുമതലയാണെന്നും ഡി.പി.സി. അംഗീകാരമില്ലെങ്കിലും സർക്കാരിൽ**

**നിന്നും അനുമതി ലഭിച്ചതിനാൽ ഡി.പി.സി.യുടെ പ്രശ്നം ഓവർ റൂൾ ചെയ്തിട്ടുണ്ടെന്നുമുള്ള ഉള്ള സർക്കാർ മറുപടിയോട് സമിതി യോജിക്കുന്നു. എങ്കിലും പ്രോജക്ട് മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്നും കോർപ്പറേഷൻ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി നടന്നോ എന്ന് വാല്യുവേഷൻ നടത്തിയിട്ടില്ലെന്നും ഓഡിറ്റ് വകുപ്പിന് വാല്യുവേറ്റ് ചെയ്യാനോ പരിശോധിക്കാനോ സാധിച്ചിട്ടില്ലെന്നും കോടതി വിധി പ്രകാരം indemnity bond വച്ചാണ് 'കെൽ'-ന് തുക നൽകിയിരിക്കുന്നതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവരുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു.**

**65. ആയതിനാൽ പ്രവൃത്തിയുടെ വാല്യുവേഷൻ തിട്ടപ്പെടുത്തി നൽകിയാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂയെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം പരിഗണിച്ചു കൊണ്ട് പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തി അനുയോജ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചേരി പുനരധിവാസ പദ്ധതി നിയമവിരുദ്ധമായി പണം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചത്-12,22,927/- രൂപ-പലിശ ഈടാക്കണം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-2006, ഖണ്ഡിക നമ്പർ 3.3-(ii))

ചേരി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ 90,57,234/- രൂപ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി ഒരു വർഷം കയ്യിൽ സൂക്ഷിച്ചതായി കണ്ടെത്തി. ചേരികളിൽ താമസിക്കുന്ന 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുണ്ടയ്ക്കൽ വില്ലേജിൽ ഒരേക്കർ അറുപത് സെന്റ് സ്ഥലം വാങ്ങുന്ന പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന കള്ക്കടർക്ക് സമർപ്പിക്കുകയോ, ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയോ, വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിൽ എത്തുകയോ ചെയ്യുന്നതിന് മുൻപ് തന്നെ ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് ജില്ലാ കളക്ടർക്ക് നൽകുവാൻ മേയർ നിർദ്ദേശിച്ചു. തുക നൽകേണ്ടത്

ഭൂവുടമകൾക്കാണെന്ന് സെക്രട്ടറി 30.03.2006-ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയത് അവഗണിച്ച് അടിയന്തരമായി കളക്ടർക്ക് തുക കൈമാറാൻ 31.03.2006-ൽ മേയർ ഉത്തരവിട്ടു.

ഭൂമി ഏറ്റെടുക്കാനുള്ള അഭ്യർത്ഥന ലഭിച്ചിട്ടില്ലാത്തതിനാൽ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് തുക മാറാൻ കഴിയില്ലെന്നുള്ള വിവരം 31.03.2006-ൽ തന്നെ കളക്ടർ അറിയിച്ചത് പരിഗണിക്കാതെ 90,57,234/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. ആയി 25.04.2006-ന് കളക്ടർക്ക് അയച്ചുകൊടുത്തു. എന്നാൽ 06.06.2006-ന് ഇത് കൈപ്പറ്റാതെ കളക്ടർ നഗരസഭയ്ക്ക് തിരിച്ചയച്ചത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി. തുക തിരികെ അടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

ചെലവ് പെരുപ്പിച്ച് കാണിക്കുക എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു സാമ്പത്തിക വർഷത്തിന്റെ അവസാന ദിനം ധൃതി പിടിച്ച് തുക പിൻവലിച്ചത്. യഥാർത്ഥ ചെലവുകൾക്ക് മാത്രമേ ട്രഷറിയിൽ നിന്നും പണം പിൻവലിക്കാവൂ എന്ന 31.11.2004-ലെ ധന 516/2004-ാം നമ്പരും മുൻകാലങ്ങളിൽ പിൻവലിച്ച് വിനിയോഗിക്കാതെ കിടക്കുന്ന തുക തിരിച്ചടയ്ക്കണമെന്ന 12.04.2006-ലെ ധന.177/06-ാം നമ്പരും ആയ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിരുന്നു മേയറുടെ ഈ നടപടി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.1.3]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

66. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മുണ്ടയ്ക്കൽ വില്ലേജിൽ ഒരേക്കർ അറുപത് സെന്റ് സ്ഥലം വാങ്ങുന്ന പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന കളക്ടർക്ക് സമർപ്പിക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ 90,57,234/- രൂപ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി ഒരു വർഷം കയ്യിൽ സൂക്ഷിച്ചതിന്റെ പലിശയായ 8,03,985/- രൂപ ഈടാക്കണമെന്നതാണ് പ്രസ്തുത ഓഡിറ്റ് പരാമർശമെന്ന് കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

67. തുടർന്ന്, മുൻകാലങ്ങളിൽ സാമ്പത്തിക വർഷം അവസാനിക്കാറാകുമ്പോൾ നടപ്പിലാക്കാമെന്ന് ഉറപ്പുള്ള കേസുകൾക്ക് മുൻകൂറായി ഡി.ഡി. എടുത്ത് വയ്ക്കാറുണ്ടായിരുന്നുവെന്നും എന്നാൽ ജില്ലാ കളക്ടർ ഡി.ഡി. തിരിച്ചയച്ചതിനാലാണ് പ്രശ്നമായതെന്നും ഫണ്ട് ലാപ്സാകാതിരിക്കാൻ ഉറപ്പുള്ള കേസുകളിൽ മാത്രമേ ഡി.ഡി. എടുത്ത് വയ്ക്കാറുള്ളുവെന്നും എല്ലാ ഡിപ്പാർട്ട്മെന്റുകളും പൊതുവേ ഇപ്രകാരം ചെയ്യുന്നതാണെന്നും എന്നാൽ നിലവിൽ ഇങ്ങനെ ചെയ്യാൻ കഴിയുകയില്ലായെന്നും പഴയ മേയർ ഉൾപ്പെടെയുള്ളവർക്ക് റവന്യൂ റിക്കവറിക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും റിക്കവറി നടന്നില്ലായെന്നും സദുദ്ദേശ്യത്തോടെ ചെയ്തതിനാൽ ആരോപണവിധേയരായവർ ഉത്തരവാദികളല്ലെന്നുള്ള മറുപടിയാണ് ലഭിച്ചതെന്ന് കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകി.

68. പ്രസ്തുത ഡി.ഡി.യെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് ഒബ്ജക്ഷൻ വന്നതിനെ തുടർന്ന് പ്രസ്തുത തുക തിരിച്ചടയ്ക്കുകയാണ് ഉണ്ടായതെന്ന് കൊല്ലം നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

69. സർക്കാർ ആവശ്യപ്പെടുന്ന നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പാലിക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ പ്രസ്തുത കേസ് സർക്കാർ തള്ളിയതാണെന്നും ഈ സാഹചര്യത്തിൽ കൊല്ലം നഗരസഭാ സെക്രട്ടറിയോട് ആർ.ആർ. നടപടി ത്വരിതപ്പെടുത്തുവാൻ മാത്രമേ സർക്കാരിനു പറയുവാൻ കഴിയുകയുള്ളുയെന്നും ആയതിനാൽ ഈ വിഷയം വീണ്ടും പരിശോധിക്കേണ്ട ആവശ്യമില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

70. തുടർന്ന്, ഈ വിഷയത്തിൽ ആർ.ആർ. നടപടിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പരാമർശവിധേയനായ അന്നത്തെ നഗരസഭാ സെക്രട്ടറി കുറ്റക്കാരനല്ലാത്തതിനാൽ ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കി നൽകണമെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ കൗൺസിൽ മുഖേന കോർപ്പറേഷൻ റിവ്യൂ ഹർജി നൽകുന്നപക്ഷം ആയത് പരിശോധിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. പ്രസ്തുത വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനു മാത്രമായി തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയില്ലായെന്നും മന്ത്രി തലത്തിൽ ധനകാര്യ വകുപ്പിന്റെ തീരുമാനവും കൂടി എടുക്കേണ്ടതായിട്ടുണ്ടെന്നും ധനകാര്യ വകുപ്പ്

അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശവിധേയരായ ഉദ്യോഗസ്ഥർ സദുദ്ദേശ്യത്തോടെ ചെയ്ത പ്രവൃത്തിയാണെന്ന് നിരീക്ഷിച്ച സമിതി സർക്കാർ ഈ വിഷയം സംബന്ധിച്ച് പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചപ്പോൾ കോർപ്പറേഷൻ പുനഃപരിശോധന അപേക്ഷ നൽകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അപ്രൂവൽ ലഭ്യമായതിനുശേഷം സമിതിയ്ക്ക് റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

71. **കൊല്ലം കോർപ്പറേഷനിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്വന്തമായി ഭൂമി ഇല്ലാത്തവരും വിവിധ ചേരികളിൽ പുറമ്പോക്കിൽ താമസിക്കുന്നവരുമായ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മുണ്ടക്കൽ വില്ലേജിൽ 1 ഏക്കർ 60 സെന്റ് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിക്കാതെയും ഭൂമിയുടെ വില നിശ്ചയിച്ച് കിട്ടാതെയും തിടുക്കത്തിൽ പദ്ധതി വിഹിതമായ 90,57,234/- രൂപ പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റ് ആയി ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയും ഭൂവുടമകൾക്കാണ് തുക നൽകേണ്ടത് എന്ന സെക്രട്ടറിയുടെ കുറിപ്പ് അവഗണിച്ചുകൊണ്ടാണ് പ്രസ്തുത നടപടി സ്വീകരിച്ചതെന്നും എന്നാൽ ലാന്റ് അക്വിസിഷൻ നടപടി അല്ലാത്തതിനാൽ തുക മടക്കുകയാണുണ്ടായതെന്നും സമിതി നിരീക്ഷിക്കുന്നു. പിന്നീട് സാങ്കേതിക കാരണങ്ങളാലുണ്ടായ തടസ്സംമൂലം ഡി.ഡി.യുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി നീട്ടിയെങ്കിലും എ.ജിയുടെ പരാമർശം വന്നതിനെ തുടർന്ന് തുക തിരിച്ചടയ്ക്കുകയുണ്ടായെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തെ തുടർന്ന് പലിശയിനത്തിൽ 8,03,985/- രൂപ സർക്കാരിൽ ഒടുക്ക് വരുത്താൻ മേയർ, സെക്രട്ടറി എന്നിവരോട് നിർദ്ദേശിച്ചെങ്കിലും ടി തുക ഒഴിവാക്കി കിട്ടുന്നതിനായി കൗൺസിൽ തീരുമാനപ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും സാധൂകരണം ലഭിച്ചിട്ടില്ല എന്നും സമിതി നിരീക്ഷിക്കുന്നു. നിലവിൽ ആരോപണ**

വിധേയരായവർ ആർ.ആർ. നടപടി നേരിട്ടുകൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു.

72. ടി പ്രോജക്ട് സ്ഥലമെടുപ്പിൽ ഉണ്ടായ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം നടപ്പിലാക്കാൻ സാധിക്കാതെ പോയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. എന്നാൽ പരാമർശ വിധേയരായ ഉദ്യോഗസ്ഥർ സദുദ്ദേശ്യത്തോടെ ചെയ്ത പ്രവൃത്തിയായതിനാൽ ടി വിഷയം സംബന്ധിച്ച് കോർപ്പറേഷൻ കൗൺസിൽ മുഖേന റിവ്യൂ ഹർജി നൽകുന്ന മുറയ്ക്ക് വിഷയം സംബന്ധിച്ച് പരിശോധന നടത്താമെന്ന ഭരണ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ റിവ്യൂ ഹർജി സമർപ്പിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10

## അനുബന്ധം I

## നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | നിഗമനങ്ങളും ശിപാർശകളും |
|---|---|---|---|
| 1 | 2 | തദ്ദേശസ്വയംഭരണ വകുപ്പ് | ഡെപ്പോസിറ്റ് വർക്ക് ചെയ്താലും വിനിയോഗ സാക്ഷ്യപത്രം നൽകിയാൽ മാത്രമേ നിലവിൽ എക്സ്പെൻഡിച്ചർ ആകുകയുള്ളുവെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 6, 8, 10, 12, 14 | ,, | 6. 2003-04 കാലയളവിലെ കേരള വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ രേഖകൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ നാളിതുവരെ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാതിരുന്ന നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഒരു മാസത്തിനുള്ളിൽ ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയ്ക്ക് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.<br>8. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | 10. പരാമർശ പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | | 12. പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ ഹാജരാക്കുന്നതിനും, ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| | | | 14. പരാമർശ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഒരു മാസത്തിനുള്ളിൽ ഹാജരാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 17, 18 | ,, | 17. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ മുൻ ഖണ്ഡിക 15-ൽ രേഖപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | | 18. ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധാകരനിൽ നിന്നും ഈടാക്കിയ തുക ടിയാൻ പഞ്ചായത്തിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് റീഫണ്ട് ചെയ്തു നൽകുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 20, 21 | ,, | 20. വിവിധ പട്ടികജാതി കോളനി പ്രദേശങ്ങളിൽ കൈയ്യാലകൾ കെട്ടി മണ്ണ് സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | വിരുദ്ധമായി 47,582/- രൂപ ചെലവ് ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി പ്രോജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. |
| | | | 21. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി ആരംഭിച്ചു എന്ന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റ് മുഖേന ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | 23 | ,, | പരാമർശ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിക്കാതെ നീക്കിയിരിപ്പായി നിലനിന്ന തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 26, 27, 28 | ,, | 26. ഇത്തിക്കരയാറ്റിലെ പുത്താർ കടവിൽ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ശ്രീ. ആർ. ശശിധരന് നൽകിയപ്പോൾ ലേലത്തിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്നും ലേല നിബന്ധനകൾ നിഷ്കർഷിക്കും വിധം മതിയായ സോൾവൻസി സർട്ടിഫിക്കറ്റും നിയമപരമായ സെക്യൂരിറ്റിയും വാങ്ങാതെയാണ് ലേലം ഉറപ്പിച്ചതെന്ന് സമിതി നിരീക്ഷിക്കുന്നു.<br>27. ലേലക്കാരനിൽ നിന്ന് നഷ്ടത്തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു മുമ്പ് |

| | | | |
|---|---|---|---|
| | | | തന്നെ ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടു എന്ന് സമിതി മനസ്സിലാക്കുന്നു.<br>28. സെക്യൂരിറ്റിയില്ലാതെ മണൽ ലേലം ചെയ്ത് നൽകിയ നടപടിയും നിയമാനുസൃതമായ മറ്റേതെങ്കിലും ഫോറം മുഖേന പ്രശ്നം പരിഹരിക്കണമെന്ന കോടതി വിധി യഥാസമയം ഫോളോ അപ് ചെയ്യുന്ന കാര്യത്തിലും പഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, കോടതിവിധിപ്രകാരം തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | 34, 35 | ,, | 34. അസിസ്റ്റന്റ് കൃഷി ഡയറക്ടർ, ശാസ്താംകോട്ടയുടെ കാര്യനിർവ്വഹണാധികാരത്തിൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലേയും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക, യന്ത്രവത്ക്കരണത്തിലൂടെ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക വഴി കർഷകർക്ക് നെൽകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും കൊയ്ത്ത് മെതിയന്ത്രം വാങ്ങിയ നടപടി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല എന്ന് സമിതി വിലയിരുത്തുന്നു.<br>35. കൃത്യമായ പ്രോജക്ട് വയ്ക്കാതെ കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച |

| | | | |
|---|---|---|---|
| | | | ഉണ്ടായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ യന്ത്രം പ്രവർത്തനക്ഷമമല്ലെന്നും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നത് ആദായകരമായിരിക്കില്ല എന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കേടായ കൊയ്ത്ത് മെതിയന്ത്രം അടിയന്തരമായി ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 38 | ,, | 1998-99 വർഷം അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട ഗ്രാമപഞ്ചായത്ത് നിവാസികളെ അംഗങ്ങളാക്കി സർക്കാർ/അർദ്ധ സർക്കാർ തലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗുണമേന്മയോടെ നിർവ്വഹിക്കുന്നതിന് ലക്ഷ്യം വച്ച് കൊണ്ട് രൂപീകൃതമായ അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നടത്തിപ്പിനായി വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്ലാൻ ഫണ്ട് വിഹിതമായി 3,00,000/- രൂപ നൽകിയ നടപടി ധനദുർവിനിയോഗമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പരാമർശ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് ഭരണ വകുപ്പിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. |
| 9 | 43, 44 | ,, | 43. അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് വാങ്ങിയ റോഡ് റോളർ |

| | | | |
|---|---|---|---|
| | | | 2012 വരെ പ്രവർത്തിപ്പിച്ചിരുന്നതിന്റെയും ആയതിന്റെ വരവ് സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | ,, | 44. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് വാങ്ങിയ റോഡ് റോളറിന്റെ ഉടമസ്ഥാവകാശം സഹകരണ സംഘത്തിന്റെ പേരിൽ എപ്രകാരമായെന്ന് അന്വേഷണം നടത്തണമെന്നും, റോഡ് റോളറിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത സൊസൈറ്റി നിലവിലുണ്ടോയെന്നത് സംബന്ധിച്ചും ഇതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും അന്വേഷണം നടത്തി ഓഡിറ്റ് മുഖേന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 48 | ,, | അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വൃദ്ധസദനം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 2 ലക്ഷം രൂപ പ്രവർത്തി ആരംഭിക്കാത്തതിനാൽ തിരികെ ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുകയും എന്നാൽ ഹാബിറ്റാറ്റിന്റെ അപേക്ഷ പ്രകാരം റവന്യൂ റിക്കവറി താല്ക്കാലികമായി നിർത്തിവയ്ക്കുകയാണുണ്ടായതെന്നും വകുപ്പിന്റെ മറുപടിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | സമിതി മനസ്സിലാക്കുന്നു. നിലവിൽ കൊല്ലം കോർപ്പറേഷന്റെ സ്കീമിലുള്ള പകൽ വീട്ടം വൃദ്ധസദനത്തിനുള്ള കെട്ടിടവും നിർമ്മിച്ചിരിക്കുന്നതിനാൽ പരാമർശവിധേയമായ സ്ഥലത്ത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്തെങ്കിലും പണി നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല എന്നും പ്രവൃത്തി സംബന്ധിച്ച അഡ്വാൻസ്, എഗ്രിമെന്റ് എന്നിവ സംബന്ധിച്ച രേഖകൾ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഗവൺമെന്റ് തലത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെയും കൊല്ലം നഗരസഭയുടെയും സംയുക്ത യോഗം കൂടിയാൽ മാത്രമേ പരിഹാരം കണ്ടെത്തുവാൻ സാധിക്കുകയുള്ളുയെന്ന് സമിതി മനസ്സിലാക്കുന്നു. അതിനായി ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിനു ഹാജരാക്കണമെന്നും അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 11 | 53, 54 | ,, | 53. കൊല്ലം നഗരസഭാ പരിധിയിൽ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിരുന്ന 57 ബങ്കുകൾ റോഡ് വികസനത്തിന്റെ ഭാഗമായി പൊളിച്ച നീക്കിയപ്പോൾ ടി ബങ്കുകളുടെ വാടക |

കുടിശ്ശിക ടിയാളുകളുടെ മേൽവിലാസം ലഭ്യമല്ലാത്തതിനാൽ വാടക കുടിശ്ശികയിൽ ഒരു ഭാഗം ഡിമാന്റിൽ നിന്നും ഒഴിവാക്കുകയും ശേഷിച്ചത് ഈടാക്കാതിരിക്കുകയും ചെയ്ത നടപടി ചട്ട വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. 2005-06, 2006-07 വർഷങ്ങളിലെ വാടക കുടിശ്ശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കുവാൻ കൗൺസിൽ തീരുമാനം കൈകൊണ്ടിട്ട് ഏകദേശം 11 വർഷങ്ങൾക്ക് ശേഷമാണ് സർക്കാർ അനുമതിയ്ക്കായി നടപടി സ്വീകരിച്ചതെന്നും വാടക കുടിശ്ശിക വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നതും കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായും സമിതി വിലയിരുത്തുന്നു. ഈ വിഷയത്തിൽ നടപടിക്രമം പാലിച്ച് സർക്കാരിലേയ്ക്ക് റീ സബ്മിഷൻ നൽകാമെന്ന് നഗരസഭാ സെക്രട്ടറി സമിതിക്ക് നൽകിയ ഉറപ്പിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

„ 54. എല്ലാ നഗരസഭകളിലും അസറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണമെന്നും നിലവിലെ സ്ഥിതി കാലതാമസംകൂടാതെ പരിശോധിക്കാൻ തീരുമാനം കൈക്കൊള്ളണമെന്നും ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിനു മുമ്പ് തന്നെ സർക്കാർ വാടക, വാടക

| | | | |
|---|---|---|---|
| | | | കുടിശ്ശിക എന്നിവ ഈടാക്കുന്നതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 12 | 64, 65 | ,, | 64. പരാമർശവിധേയമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി കോമ്പിറ്റന്റ് അതോറിറ്റിയിൽ നിന്നും അംഗീകാരം ലഭ്യമാക്കിയ ശേഷം തുടർ നടപടി സ്വീകരിച്ചാൽ മതി എന്ന കോർപ്പറേഷൻ എഞ്ചിനീയറുടെ റിപ്പോർട്ടിനെ മറികടന്ന് എസി, ജനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റും ഓരോന്നിനും പ്രത്യേക എഗ്രിമെന്റും 'കെൽ' സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനം ഒരു സർക്കാർ പൊതുമേഖലാ സ്ഥാപനമായതിനാൽ സ്ഥാപനങ്ങളിലെ ക്ഷമതയുള്ള എഞ്ചിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് ആവശ്യമായ സാങ്കേതിക അനുമതി അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നേടിയെടുക്കേണ്ടത് 'കെൽ'-ന്റെ ചുമതലയാണെന്നും ഡി.പി.സി. അംഗീകാരമില്ലെങ്കിലും സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിനാൽ ഡി.പി.സി.യുടെ പ്രശ്നം ഓവർ റൂൾ ചെയ്തിട്ടുണ്ടെന്നുമുള്ള ഉള്ള സർക്കാർ മറുപടിയോട് സമിതി യോജിക്കുന്നു. എങ്കിലും പ്രോജക്ട് മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്നും കോർപ്പറേഷൻ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി നടന്നോ എന്ന് വാല്യൂവേഷൻ |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടില്ലെന്നും ഓഡിറ്റ് വകുപ്പിന് വാല്യുവേറ്റ് ചെയ്യാനോ പരിശോധിക്കാനോ സാധിച്ചിട്ടില്ലെന്നും കോടതി വിധി പ്രകാരം indemnity bond വച്ചാണ് 'കെൽ'-ന് തുക നൽകിയിരിക്കുന്നതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവരുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. |
| | | ,, | 65. ആയതിനാൽ പ്രവൃത്തിയുടെ വാല്യുവേഷൻ തിട്ടപ്പെടുത്തി നൽകിയാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂയെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് കൊണ്ട് പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തി അനുയോജ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | 71, 72 | ,, | 71. കൊല്ലം കോർപ്പറേഷനിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്വന്തമായി ഭൂമി ഇല്ലാത്തവരും വിവിധ ചേരികളിൽ പുറമ്പോക്കിൽ താമസിക്കുന്നവരുമായ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മുണ്ടക്കൽ വില്ലേജിൽ 1 ഏക്കർ 60 സെന്റ് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിക്കാതെയും ഭൂമിയുടെ വില നിശ്ചയിച്ച് കിട്ടാതെയും തിടുക്കത്തിൽ പദ്ധതി വിഹിതമായ 90,57,234/- രൂപ പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റ് ആയി ജില്ലാ കളക്ടർക്ക് |

അയച്ചുകൊടുക്കുകയും ഭൂവുടമകൾക്കാണ് തുക നൽകേണ്ടത് എന്ന സെക്രട്ടറിയുടെ കുറിപ്പ് അവഗണിച്ചുകൊണ്ടാണ് പ്രസ്തുത നടപടി സ്വീകരിച്ചതെന്നും എന്നാൽ ലാന്റ് അക്വിസിഷൻ നടപടി അല്ലാത്തതിനാൽ തുക മടക്കുകയാണുണ്ടായതെന്നും സമിതി നിരീക്ഷിക്കുന്നു. പിന്നീട് സാങ്കേതിക കാരണങ്ങളാലുണ്ടായ തടസ്സംമൂലം ഡി.ഡി.യുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി നീട്ടിയെങ്കിലും എ.ജിയുടെ പരാമർശം വന്നതിനെ തുടർന്ന് തുക തിരിച്ചടയ്ക്കുകയുണ്ടായെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തെ തുടർന്ന് പലിശയിനത്തിൽ 8,03,985/- രൂപ സർക്കാരിൽ ഒടുക്ക് വരുത്താൻ മേയർ, സെക്രട്ടറി എന്നിവരോട് നിർദ്ദേശിച്ചെങ്കിലും ടി തുക ഒഴിവാക്കി കിട്ടുന്നതിനായി കൗൺസിൽ തീരുമാനപ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും സാധൂകരണം ലഭിച്ചിട്ടില്ല എന്നും സമിതി നിരീക്ഷിക്കുന്നു. നിലവിൽ ആരോപണ വിധേയരായവർ ആർ.ആർ. നടപടി നേരിട്ടുകൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു.

72. ടി പ്രോജക്ട് സഫലമെടുപ്പിൽ ഉണ്ടായ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം നടപ്പിലാക്കാൻ സാധിക്കാതെ പോയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. എന്നാൽ പരാമർശ വിധേയരായ ഉദ്യോഗസ്ഥർ സദുദ്ദേശ്യത്തോടെ ചെയ്ത പ്രവൃത്തിയായതിനാൽ ടി വിഷയം

സംബന്ധിച്ച് കോർപ്പറേഷൻ കൗൺസിൽ മുഖേന റിവ്യൂ ഹർജി നൽകുന്ന മുറയ്ക്ക് വിഷയം സംബന്ധിച്ച് പരിശോധന നടത്താമെന്ന ഭരണ വകുപ്പിന്റെ .അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ റിവ്യൂ ഹർജി സമർപ്പിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

SET-II അനുബന്ധം II 48 49

കൊല്ലം ജില്ലയിലെ പൊതുപരാമർശങ്ങളിന്മേൽ

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക (Remedials measures taken statement)

| ക്രമ നമ്പർ | ആഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക | ആഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2007–08 | 3.6 | **പൊതുപരാമർശങ്ങൾ**<br>കൊല്ലം ജില്ലയിലെ മിക്ക ഗ്രാമപഞ്ചായത്തുകളും കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനും നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നില്ല. നിയമപ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. നികുതി/നികുതിയേതരയിനങ്ങളിൽ ഏകദേശം 31,18,570 രൂപയോളം നിയമപ്രകാരമുള്ള റവന്യൂ റിക്കവറി നടപടി, വാറണ്ട് എന്നിവ സ്വീകരിക്കാത്തതുമൂലം നഷ്ടമായിട്ടുണ്ട്. ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഭേദഗതി വരുത്തുക, ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നൽകുക എന്നിങ്ങനെയുള്ള ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പല ഗ്രാമപഞ്ചായത്തുകളിലും പ്രവൃത്തികൾ ഏറ്റെടുക്കുന്ന കൺവീനർമാർ മുൻകൂറുകൾ കൈപ്പറ്റി പണി ഏറ്റെടുക്കാതെയോ ഭാഗീകമായി മാത്രം പൂർത്തിയാക്കുകയോ ചെയ്തു പിൻമാറുന്നു. ഇങ്ങനെയുള്ളവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുകയോ റവന്യൂറിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക പലിശ സഹിതം ഈടാക്കുകയോ ചെയ്യുന്നില്ല. ഇത്തരത്തിൽ ഏകദേശം 2,98,500 രൂപയും വാട്ടർ അതോറിറ്റിയിൽ 9,11,909 രൂപയും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തികൾ സമയബന്ധിതമായി പൂർത്തികരിച്ചിട്ടുണ്ടോ എന്ന് നിരീക്ഷിക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഇല്ല. | 1997–98 മുതൽ ജനകീയാസൂത്രണം നിലവിൽ വരുകയും വിവിധ തരത്തിലുള്ള ഫണ്ടുകൾ പഞ്ചായത്തിന് ലഭിക്കുകയും ചെയ്തു. ഇത്തരം ഫണ്ടുകൾക്ക് ഒന്നിലേറേ ക്യാഷ് ബുക്കുകൾ കൈകാര്യം ചെയ്യുന്ന രീതിയുണ്ടായി. ആയതുമൂലവും ജീവനക്കാരുടെ പരിചയക്കുറവ് മൂലവും വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കാൻ സാധിക്കാതെ വന്നു. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്ന സാഹചര്യത്തിൽ ടി അപാകത പരിഹരിക്കപ്പെടുകയും ഇപ്പോൾ എല്ലാ ഗ്രാമപഞ്ചായത്തുകളും യഥാസമയം തന്നെ വാർഷിക കണക്കുകൾ തയ്യാറാക്കി ആഡിറ്റിന് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. 2010–11 വരെയുള്ള കണക്കുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും 2011 ജൂൺ 30–ന് മുമ്പ് തന്നെ ആഡിറ്റിനു നൽകിയിട്ടുണ്ട്.<br>മുൻവർഷങ്ങളിൽ യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റ് തയ്യാറാക്കിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണ്. ടി അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് വ്യവസ്ഥകൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായ ത്തുകൾക്ക് കർശന നിർദ്ദേശം നൽകുകയും പഞ്ചായത്തിലെ ജീവനക്കാർക്ക് നൽകിവരുന്ന വിവിധ പരിശീലന പരിപാടികളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബഡ്ജറ്റ് തയ്യാറാക്കുന്നത് വ്യവസ്ഥകളും ചട്ടങ്ങളും |

50 49 Z

| | | | | | |
|---|---|---|---|---|---|
| | | | | | പാലിച്ചിട്ടാണ്. നികുതി / നികുതിയേത വരുമാനങ്ങളിൽ ഭീമമായ കുടിശ്ശിക നിലവിലുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് തീവ്രയജ്ഞം നടപ്പിലാക്കുകയും ജില്ലയിലെ 22 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ 100% ഉം 14 ഗ്രാമപഞ്ചായത്തുകളിൽ 90% നു മുകളിലും 22 ഗ്രാമപഞ്ചായത്തുകളിൽ 80% നു മുകളിലും, 9 ഗ്രാമപഞ്ചായത്തുകളിൽ 75% നു മുകളിലും നികുതി പിരിവ് കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അവശേഷിക്കുന്ന കുടിശ്ശിക നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി പുരോഗമിച്ചുവരുകയാണ്. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനു ഗ്രാമസഭ അംഗീകാരത്തോടെ ലിസ്റ്റ് തയ്യാറാക്കുകയും ഡി.പി.സി. അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കുകയും ചെയ്തു വരുന്നു. മിക്കപ്പോഴും ഫണ്ടിനനുസൃതമായി ഗുണഭോക്താക്കളുടെ എണ്ണം തികയാതെ വരുകയോ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ, ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ, അർഹതാ മാനദണ്ഡത്തിന് വിധേയമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകുകയും ആയത് തുടർന്നുവന്ന ഗ്രാമസഭയിൽ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് സംബന്ധിച്ച കർശന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുള്ളതാണ്. നിലവിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളൂ. |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമപഞ്ചായത്തുകളിൽ കൺവീനർമാർ മുഖാന്തിരം ചെയ്തിട്ടുള്ള പ്രവൃത്തികളിൽ കൺവീനർമാർക്ക് മുൻകൂർ തുക നൽകുകയും തൻവർഷം പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് തുടർ വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും മുൻകൂർ വാങ്ങിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത കേസുകളിൽ തുക ഈടാക്കുന്നതിന് ആർ. ആർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| 1 | 2007–08 | 3:6:1 | **നിർവ്വഹണ ഉദ്യോഗസ്ഥർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.**<br><br>കേരള വികസന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന വളരെയധികം പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും അലംഭാവം കാണിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ പരിശോധനാ വിധേയമാക്കാതിരിക്കുന്നത് ഏറ്റവും നിരുത്തരവാദപരവും ഗുരുതരവുമായ വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. | കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ഇളമാട്, കടയ്ക്കൽ, മൈലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2003–04, 2004–05, 2005–06 വർഷങ്ങളിൽ നടത്തിയ ആഡിറ്റിൽ നിർവ്വഹണ ഉദ്യോഗസ്ഥർ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിരുന്നില്ല. രേഖകളെല്ലാം തന്നെ അതാത് ആഫീസുകളിൽ സൂക്ഷിച്ചിട്ടുള്ളതും ആയത് അടുത്ത ആഡിറ്റ് വേളയിൽ ഹാജരാക്കുന്നതുമാണ്. ആഡിറ്റ് പരിശോധന വേളയിൽ ബന്ധപ്പെട്ട എല്ലാ രേഖകളും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻമാരും പരിശോധനയ്ക്ക് ഹാജരാക്കുന്നുണ്ടോ എന്നുറപ്പ് വരുത്തുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ ടി വിവരം ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| ഗ്രാമപഞ്ചായത്ത് | വർഷം | ഖണ്ഡിക | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| കുളത്തൂപ്പുഴ | 2003–04 | 3:9 | കൃഷി ഓഫീസർ | 8,72,521 |
| ഇളമാട് | 2003–04 | 3:6 | കൃഷി ഓഫീസർ | 37,000 |
| കടയ്ക്കൽ | 2003–04 | 3:10 | കൃഷി ഓഫീസർ | 1,73,250 |
| കടയ്ക്കൽ | 2003–04 | 3:11 | ഹെഡ് മാസ്റ്റർ | 1,00,000 |
| കടയ്ക്കൽ | 2003–04 | 3:13 | കൃഷി ഓഫീസർ | 43,750 |
| മൈലം | 2004–05 | 3:4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7,65,385 |
| മൈലം | 2005–06 | 3:4 | വി.ഇ.ഒ. | 7,61,000 |
| മൈലം | 2005–06 | 3:6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19,24,267 |

| | | | | |
|---|---|---|---|---|
| 2 | 2007–08 | 3:6:2 | <u>മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചത്</u><br><br>മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചട്ടങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ പാലിക്കാതെ അധിക നിരക്ക് അനുവദിച്ച് നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു. | കരുനാഗപ്പള്ളി, ക്ലാപ്പന, തൊടിയൂർ, കുന്നത്തൂർ, ശൂരനാട് തെക്ക്, ശാസ്താംകോട്ട, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ 2003–04 മുതൽ 2005–06 വരെയുള്ള കാലയളവിലെ വിവിധ മരാമത്ത് പ്രവൃത്തികൾ നടത്തിയതിൽ കൺവീനർമാർക്ക് അധിക നിരക്ക് |

| ഗ്രാമപഞ്ചായത്ത് | വർഷം ഖണ്ഡിക | പ്രവൃത്തിയുടെ പേര് | അധിക നിരക്ക് നൽകിയതു മൂലമുള്ള നഷ്ടം |
|---|---|---|---|
| കുന്നത്തൂർ | 2004-05 ഖ. 3:8 | 2004-05 വർഷം ചെയ്തിട്ടുള്ള വിവിധ പ്രവൃത്തികൾ | 7,008. 00 |
| പെരിനാട് | 2003-04 ഖ.3:20 | കുന്നുമ്മേൽ മുക്ക്-മതിരൂർ മുക്ക് റോഡ് | 2,130. 21 |
| പെരിനാട് | 2003-04 ഖ.3:10 | ചരുവിള - പോച്ചുവിള റോഡ് | 5,281. 00 |
| പെരിനാട് | 2005-06 ഖ.3:24 | നാന്തിരിക്കൽ ഏഴാംകുറ്റി റോഡ് പുനരുദ്ധാരണം | 9,199. 00 |
| പെരിനാട് | 2005-06 ഖ.3:25 | 7-ാം വാർഡിൽ ഏഴാംകുറ്റി - നാന്തിരിക്കൽ റോഡ് പുനരുദ്ധാരണം | 9,060. 00 |
| ശൂരനാട് തെക്ക് | 2005-06 ഖ.3:1 | എസ്.ജി.ആർ.വൈ ഫണ്ടുപയോഗിച്ച് നടത്തിയ വിവിധ പ്രവൃത്തികൾ | 5,572. 00 |
| ശൂരനാട് തെക്ക് | 2004-05 ഖ.3:8 | അമ്പി വടക്കേ മുക്ക് പുത്തൻവിള റോഡ് മെറ്റലിംഗ് | 10,498. 00 |
| ശൂരനാട് തെക്ക് | 2004-05 ഖ.3:9 | മുണ്ടകത്തറഭാഗം മുളമൂട്ടിൽ വക റോഡ് പുനരുദ്ധാരണം - റീ ടാറിംഗ് | 7,818. 00 |
| ക്ലാപ്പന | 2004-05 ഖ:3:4 | വിവിധ എസ്.ജി.ആർ.വൈ പ്രവൃത്തികൾ | 17,573. 00 |
| ശാസ്താംകോട്ട | 2006-07, ഖ.3:8 | വാഴോട്ടുമുക്ക് കൂടാരത്തിൽമുക്ക് റോഡ് | 16,652. 00 |
| ശാസ്താംകോട്ട | 2004-05 ഖ.3:12 | എസ്.ജി.ആർ.വൈ ഫണ്ടുപയോഗിച്ചുള്ള വിവിധ പ്രവൃത്തികൾ | 37,918. 00 |
| തൊടിയൂർ | 2003-04 ഖ.3:8 | വിവിധ മരാമത്തു പ്രവൃത്തികൾ | 33,284. 00 |
| തൊടിയൂർ | 2003-04 ഖ.3:14 | വിവിധ മരാമത്തു പ്രവൃത്തികൾ | 19,582. 00 |
| കരുനാഗപ്പള്ളി | 2003-04 ഖ.3;6 | എസ്.ജി.ആർ.വൈ ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ | 4,78,610. 00 |
| ക്ലാപ്പന | 2003-04 ഖ.3:7 | വിവിധ മരാമത്തു പ്രവൃത്തികൾ | 24,331. 44 |

അനുവദിച്ചു എന്നുള്ളതാണ് ആഡിറ്റ് പരാമർശം. കരുനാഗപ്പള്ളി താലൂക്കിൽപ്പെട്ട കരുനാഗപ്പള്ളി, ക്ലാപ്പന, തൊടിയൂർ ഗ്രാമപഞ്ചായത്തുകളിൽ മണ്ണോ, ഗ്രാവലോ ലഭ്യമല്ലാത്ത പ്രദേശമാണ്. പ്രസ്തുത സാഹചര്യത്തിൽ 15 കി.മീ ശരാശരി കൺവേയൻസ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പരാമർശ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് ഇപ്പോഴും നല്ല രീതിയിൽ നിലനിൽക്കുന്നുമുണ്ട്. അന്ന് നിലവിലുണ്ടായിരുന്ന മണ്ണിന്റെ മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യുമ്പോൾ, കൺവേയൻസ് 15 കി.മീ നൽകിയതിൽ പഞ്ചായത്തുകൾക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായി കാണുന്നില്ല. കുന്നത്തൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 25.01.2011 തീയതിയിലെ എൽഎഫ്ക്യൂ പി6/71/11 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് പരാമർശം 3:12 പ്രകാരം ലിഫ്റ്റും ലിഡും കുറവ് ചെയ്യാതെ തുക നൽകിയത് പിഡബ്ല്യൂഡി ചീഫ് എഞ്ചിനീയറുടെ 06.01.2005-ലെ 2/2005 നമ്പർ സർക്കുലർ പ്രകാരമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). 2006-07 വർഷത്തെ പരാമർശപ്രകാരമുള്ള തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ 2004-05 വർഷത്തെ ഖ:3:8 പ്രകാരമുള്ള തടസ്സം 11.05.2010-ലെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽഎഫ്ക്യൂ പി2.744/07 നമ്പർ കത്ത് പ്രകാരം ഒഴിവാക്കിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഖ.3:9 പ്രകാരം പോട്ട്ഹോൾ ഫില്ലിംഗ് നടത്തുമ്പോൾ അത് 10 സെ.മീ. ഘനത്തിൽ മാത്രമേ ചെയ്യാൻ പാടുള്ളൂ

| | | | | |
|---|---|---|---|---|
| | | | | എന്നാണ്. റോഡിൽ കുഴികൾ രൂപപ്പെടുമ്പോൾ ഗ്രേഡ് മെറ്റലിംഗ് കൂടെ ഇളകാറുള്ള സാഹചര്യത്തിൽ 10 സെ.മീ. നിജപ്പെടുത്താൻ സാധിക്കുകയില്ല. പോട്ട്ഹോൾ ഫില്ലിംഗിന്റെ മെഷർമെന്റ് 4 സെ.മീ– 15 സെ.മീ വരെ ആകാവുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണത്തിൽ പരാമർശിക്കുന്നുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ടി പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുകയും ഇപ്പോഴും നിലനിൽക്കുന്നുമുണ്ട്.<br><br>പെരിനാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന പരാമർശപ്രകാരം ലിഫ്റ്റും ലിഡും കുറവ് ചെയ്യാതെ തുക നൽകിയത് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ 06.01.2005–ലെ 2/2005 നമ്പർ സർക്കുലർ പ്രകാരമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |

***G/31/7.***

KRUPANANDAN K.R.
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram

എഫ്.ക്യൂ.പി6/71/2011

ലോക്കൽ ഫണ്ട് ഓഡിറ്റ് (ഹ.ഗ്രേ)
ഡെപ്യൂട്ടി ഡയറക്ടറുടെ
ജില്ലാ കാര്യാലയം, കൊല്ലം.
Ph: 0474-2740141
E-mail: dydrhglfq@gmail.com

തീയതി : 28 ജനുവരി 2011

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റ് (ഹ.ഗ്രേ),
ജില്ലാ ഓഫീസ്, കൊല്ലം

സെക്രട്ടറി,
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്.

സർ,

*വിഷയം:- കുന്നത്തൂർ ഗ്രാമപഞ്ചായത്ത് - ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(8) - തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച്.*

*സൂചന:- ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21-12-2010-ലെ എൽ.എഫ്.12281/സ്പെ സെൽ.സി.എസ്.സി നമ്പർ കത്ത്.*

കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(8) പ്രകാരമുള്ള ഓഡിറ്റ് തടസ്സം പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ നിർദ്ദേശാനുസരണം ഒഴിവാക്കുന്ന വിവരം താങ്കളെ അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റ് (ഹ.ഗ്രേ)
ജില്ലാ ഓഫീസ്, കൊല്ലം

പകർപ്പ്:-

1. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ശ്രീ. വൈ. നുജുമുദ്ദീൻ കുഞ്ഞ്, കളിയിൽ വീട്, S.V. മാർക്കറ്റ് P.O., കരുനാഗപ്പള്ളി
3. ഓഫീസ് കോപ്പി

S.K/29/01/2011

75 ~~54~~
55

No.CE/Admn/PE 1013/2004

Office of the Chief Engineer,
PWD Administration
Thiruvananthapuram
Dated:6.1.2005

## CIRCULAR NO.2/2005

Sub: Earth work excavation and disposal of surplus earth by lorry conveyance.

...

It is seen that no uniform procedure is followed in arriving at rates for disposal of surplus earth. In some offices a deduction of one lead and lift is seen provided and in some other offices it is not proposed. This has also come for audit observations in many cases. Hence it is clarified that no deduction of initial lead and lift need be effected for earth work excavation and conveyance by lorry in future.

The receipt of this circular may be acknowledged.

Sd/-
CHIEF ENGINEER,
PWD ADMINISTRATION.

fc6/6-1.

Forwarded/By Order,

Assistant Executive Engineer.

Copy to Executive Engineer Roads Division Kollam

Circd on No DRBL Cir 10/05 dtd 16/02/05

(True Copy)

നം.എൽ.എഫ്.ക്യൂ.ഡി2.744/07

ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ
(ജി.ഗ്രൂ) ജില്ലാ കാര്യാലയം, കൊല്ലം
തീയതി : 11.5.2010

ജോയിന്റ് ഡയറക്ടർ (ജി.ഗ്രൂ)
ലോക്കൽ ഫണ്ട് ഓഡിറ്റ്,
കൊല്ലം

സെക്രട്ടറി,
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക റിമാർക്ക് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. ഈ ഓഫീസിലെ 2.1.08 തീയതിയിലെ ഇതേ നമ്പർ കത്ത്.
2. ശൂരനാട് തെക്ക് സെക്രട്ടറിയുടെ 20.9.08 ലെ ബി1-62/08-ാം നമ്പർ കത്ത്.
3. ശ്രീ.കെ. [illegible], ചീഫ് [illegible]യുടെ ~~ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്~~ 10-7-ലെ പരാതി

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സങ്ങളായി രേഖപ്പെടുത്തിയ [illegible] പ്രകാരം ഈ ഓഫീസിൽ നിന്നും 2.1.08-ൽ [illegible] റിപ്പോർട്ട് [illegible] ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു. സൂചന 2,3 കത്തിലെ [illegible] പ്രകാരം 2004-05 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ [illegible] പുറപ്പെടുവിക്കുന്നു.

ഭാഗം - 1 പ്രത്യേക പരാമർശങ്ങൾ.

ഖണ്ഡിക 2.1 :- രേഖകൾ ഹാജരാക്കിയതിനാൽ തടസ്സം ഒഴിവാക്കുന്നു.
- 3.1(എ) :- -ടി-
- 3.1(ബി) :- തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- 3.2 :- തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(...2)

56 9 57

ഖണ്ഡിക 3.3 :- റോഡുകൾ [illegible] ... 5 കിലോമീറ്റർ [illegible] 73.02 [illegible] 10% [illegible] 95/m3 [illegible] 6.37 [illegible] 79.39 [illegible] 87.30/m3 [illegible] 1771/- [illegible] റോഡ് [illegible].

" 3.4 :- റോഡ് [illegible]. [illegible] റോഡ് [illegible].

" 3.5 :- റോഡ് [illegible].

" 3.6 :- [illegible] 120 [illegible].

" 3.7.3.8 :- [illegible] റോഡുകളുടെ [illegible].

" 3.9 :- [illegible].

" 4.1.4-2, 4.4.4.6 :- [illegible].

" 4.3 :- [illegible].

" 4.5 :- [illegible].

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ (ഇ.ചാ)

27/5/10

പകർപ്പ്

1) ഡയറക്ടർ, [illegible]
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, [illegible]
3) [illegible]
4) ഓഫീസ് കോപ്പി.

എസ്.എസ്/17.5.10

47 to ~~57~~ 58

പ്രേഷിതൻ,

ഇ. സുധാകരൻ,
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്)
കാണിയാട്ട്വീട്
കോഴിക്കോട്ട് ഈസ്റ്റ്
എസ്. വി. മാർക്കറ്റ്. പി.ഒ
കരുനാഗപ്പള്ളി. പിൻ - 690573.

സ്വീകർത്താവ്,

ദി സെക്രട്ടറി
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്.
പതാരം. പി.ഒ. കൊല്ലം. പിൻ - 690522.

സർ,

വിഷയം:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2007-08 വർഷത്തെ സമാഹൃത റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് -

സൂചന:- 11-4-2012 ലെ അങ്ങയുടെ ആഫീസ് കത്ത് നമ്പർ. S1-1198/2012.

മേൽ സൂചനയിൽ 2005-06 കാലയളവിൽ താങ്കളുടെ ആഫീസ് വഴി ചെയ്ത നാല് എസ്. ജി. ആർ. വൈ പ്രവർത്തികളിൽ കൺവീനറുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചതിനാൽ ഇനത്തിന് അധിക തുക നൽകിയതായി ഓഡിറ്റിൽ പറയുകയും അങ്ങനെ നൽകിയ തുക നിരാകരിക്കുകയും ചെയ്തിരിക്കുന്നു.

<u>ഓഡിറ്റ് പാര. 3.1</u> - ന് കീഴിൽ വരുന്ന നാല് പ്രവർത്തികളിലായി 5572/- രൂപ ഓഡിറ്റിൽ നിരാകരിക്കുകയും പ്രസ്തുത തുക എന്റെ ബാധ്യതയാണെന്ന് സൂചനയിൽ താങ്കൾ പറയുകയും തുക അടയ്ക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിൽ താങ്കളുടെ കണ്ടെത്തലുകൾ തികച്ചും തെറ്റാണ്. <u>ഓഡിറ്റ് പാര 3.1 ന് കീഴിൽ വരുന്ന നാല് എസ്. ജി. ആർ. വൈ. പ്രവർത്തികൾക്കും</u> സാങ്കേതികാനുമതി നൽകുകയും ഫൈനൽ ബില്ല് അംഗീകരിച്ചതും ഡി. ആർ. ഡി. എ. കൊല്ലം പ്രോജക്ട് ഓഫീസറാണ്. റേറ്റ് നൽകിയത് സംബന്ധിച്ച് വിശദീകരണം ഡി. ആർ. ഡി. എ. -യിൽ നിയമിച്ചിട്ടുള്ള എഞ്ചിനീയറിൽ നിന്ന് തേടേണ്ടതും ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകേണ്ടതുമാണ്. ഓഡിറ്റ് പാര 3.1-ന് കീഴിലുള്ള നോട്ട് വായിച്ചിരുന്നുവെങ്കിൽ എന്നിൽ നിന്നും ഇത്തരം ഒരു വിശദീകരണം

(തുടർച്ച - 2)

ഉപഭോക്താക്കളായിരുന്നു. # 58/59

ഓഡിറ്റ് പാരാ 3.9 - മുണ്ടക്കണ്ണി ഭാഗം - മുക്കുമുട്ടിൽ റോഡ് പുനരുദ്ധാരണ റി. ടാറിംഗ്

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയിൽ ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നത് 7818/- രൂപയാണ്. മുകളിൽ സൂചിപ്പിച്ച പ്രവർത്തിയുടെ നാലാം ഇനമായ പോട്ട്ഹോൾ ഫില്ലിംഗിന് 86 എം. എം മെറ്റലിന് 10 സെ.മീറ്ററിൽ കൂടുതൽ (14 സെ.മീറ്റർ വരെ) തുക നൽകിയിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് അംഗീകരിച്ചിരിക്കുന്നത് 10 സെ.മീറ്ററാണ്. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ നിഗമനം തികച്ചും ബാലിശവും നീതിക്കു നിരക്കാത്തതുമാണ്. എന്നാൽ, പൊതുമരാമത്ത് റോഡ് പ്രവർത്തികളിൽ പോട്ട്ഹോൾ ഫില്ലിംഗ് 10 സെ.മീറ്ററിൽ എന്നും തന്നെ ക്ലിപ്തപ്പെടുത്തിയിട്ടില്ല. പോട്ട്ഹോൾ ഫില്ലിംഗ് ആവശ്യപ്പെടുന്നതനുസരിച്ചാണ് സാങ്കേതികാനുമതി പോലും നൽകുന്നത്. അതിനനുസരിച്ചാണ് പ്രവർത്തിയുടെ നിർമ്മാണം നടക്കുന്നത്. മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തിയും എസ്.ജി.ആർ.വൈ-യിൽ ഉൾപ്പെട്ടതാണ്. അതിന് സാങ്കേതികാനുമതിയും, ഫൈനൽ ബില്ല് അംഗീകരിക്കലും ചെയ്തിരിക്കുന്നത് പ്രോജക്ട് ഓഫീസർ ബി.ആർ. ബി. എ. യുമാണ്. വിഷയത്തെ സംബന്ധിച്ചുള്ള വിശദീകരണം ഓഡിറ്റ് പാരാ 3.1 ൽ പറഞ്ഞതുപോലെ ബി.ആർ.ബി.എ-ൽ വിന്യസിച്ചിട്ടുള്ള എഞ്ചിനീയറിംഗ് വിംഗിൽ നിന്നാണ് തേടേണ്ടത്.

ഓഡിറ്റ് പാരാ 3.1, 3.9 എന്നീ ശീർഷകത്തിൽ വരുന്ന പ്രവർത്തികളിൽ ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്ന തുകകൾ 5574/- രൂപയും 7818/- രൂപയും എന്റെ ബാധ്യതയാക്കുന്ന തീരുമാനത്തിൽ നിന്നും എന്നെ ഒഴിവാക്കാനും അതോടൊപ്പം ഈ വിഷയം ദി ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കൊല്ലം-നെ അറിയിക്കുവാനും താല്പര്യപ്പെടുന്നു. ഓഡിറ്റ് പാരാ 3.1, 3.9 ന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

ഉള്ളടക്കം :- ഓഡിറ്റ് പാരാ 3.1, 3.9 ന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പ്

വിശ്വസ്തതയോടെ

(ഒപ്പ്)

കെ. സുധാകരൻ.

കരുനാഗപ്പള്ളി
23-4-2012

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന് സംബന്ധിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നം | സാമ്പത്തിക റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നം | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 5 | 2007-08 | 3.7.1 | കോളനിപ്രദേശത്തെ മണ്ണ് സംരക്ഷണം- പ്രോജക്ടിന് വിരുദ്ധമായി പണം ചെലവഴിച്ചു. (ആഡിറ്റ് റിപ്പോർട്ട് വർഷം 2003-04 ,ഖണ്ഡിക നം.3.22) വിവിധ പട്ടികജാതി കോളനി പ്രദേശങ്ങളിൽ കൈയ്യാലകൾ കെട്ടി മണ്ണ് സംരക്ഷിക്കുന്നതിനുള്ള 2,10,000/-രൂപയുടെ ഒരു പ്രോജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി. 51 ശതമാനം പട്ടികജാതിക്കാർക്കെങ്കിലും പ്രയോജനം ലഭിക്കുന്ന കോളനികളെ കണ്ടെത്തുന്നതിനായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർ നൽകിയ റിപ്പോർട്ടിൽ അനുയോജ്യമല്ലാത്തതെന്ന് പറഞ്ഞിട്ടുള്ള വെള്ളിമൺ ഹരിജൻ സെറ്റിൽമെന്റ് കോളനി (വാർഡ്2) പ്രദേശത്താണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മാത്രമല്ല പദ്ധതിയിൽ മൺകയ്യാല കെട്ടുക എന്നതാണ് നിഷ്കർഷിച്ചിരുന്നതെങ്കിലും ആ സ്ഥലത്ത് പാറയും സിമെന്റും കൊണ്ട് കോമ്പൗണ്ട് വാൾ കെട്ടി കോൺക്രീറ്റ് ചെയ്യുകയാണുണ്ടായത്. ഇതിനായി 47,582/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രോജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 47,582/-രൂപ ചെലവ് ചെയ്തു. | ടി പരാമർശത്തിൽ 50 ശതമാനം സബ്സിഡി എന്ന നിബന്ധന പാലിക്കാതെ ചെലവഴിച്ച 47582 രുപ ഓഡിറ്റ് നിരാകരിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.പി.ടി.സുദർശനനോട് 07.05.2007 പി1.1709/07 നമ്പർ കത്ത് പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മേപ്പടി കത്തിന് മറുപടി ലഭിച്ചിരുന്നില്ല.തുടർന്ന് 11-09-2007-ൽലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽഎഫ്ക്യു പി(1) 280/07 നമ്പർ 11.9.07 ൽ ഫർതർ റിപ്പോർട്ടിൽ ടി 47582/- രുപയുടെ സർചാർജ് നടപടിയ്ക്ക് ശുപാർശ ചെയ്തിരുന്നു. തുടർന്ന്അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രി. പി.ഡി.സുദർശനൻ 23.3.2009 ൽ നൽകിയ മറുപടി ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടിഡയറക്ടർക്ക് അയച്ചുനൽകിയിരുന്നു.ഇതിനെ തുടർന്ന് 31-03-2009 ൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടിഡയറക്ടർ എൽ.എഫ്.ക്യു.പി1-62/09(7) നമ്പർ പ്രകാരം സർചാർജ്ജ് നടപടി തുടരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ സർചാർജ്ജ് നോട്ടീസോ സർചാർജ്ജ് സർട്ടിഫിക്കറ്റോ സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ ഇയാൾക്കെതിരെ ആർ.ആർ നടപടിസ്വീകരിച്ചിട്ടില്ലാത്തതാകുന്നു |

Additional Secretary
Local Self Govt.
Government Secretariat

61

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.8.1 -ന്മേൽ കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.</u>

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | സമാഹൃത റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | ആദിച്ചനല്ലൂർ | 2007-08 3.8.1 | **<u>അക്ഷയ പദ്ധതി പരാജയം:</u>** ഗ്രാമപഞ്ചായത്തിലെ 7115 പേരെ കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ 4,26,900/- രൂപ അക്ഷയ പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകുകയും ആദിച്ചനല്ലൂർ, കൊട്ടിയം എന്നീ അക്ഷയ കേന്ദ്രങ്ങളിൽ സംരംഭകരെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ 2004-05 ആരംഭിച്ച പദ്ധതിയിൽ 11.05.2007 വരെ 145 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത് എന്ന് കാണുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2007-ന് അവസാനിക്കാനിരിക്കെ അക്ഷയ കേന്ദ്രങ്ങളുടെ രണ്ട് സംരംഭകരും പദ്ധതിയുമായി സഹകരിക്കുന്നില്ല എന്നും ഫയലിൽ കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച തുടർ നടപടികളൊന്നും ഉണ്ടായതായി കാണുന്നില്ല. കേരളത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതി ഈ പഞ്ചായത്തിനെ സംബന്ധിച്ച് സമ്പൂർണ്ണ പരാജയമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. | ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിന് ജില്ലാ കോ-ഓർഡിനേറ്ററോട് കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ 1,32,120/- രൂപ ചെലവഴിച്ചതായുള്ള വിനിയോഗ സർട്ടിഫിക്കറ്റും ബാക്കിയുള്ള 2,94,280/- രൂപ കൊല്ലം ജില്ലാ കളക്ടറുടെ പലിശരഹിത റ്റി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള വിവരം അക്ഷയ ജില്ലാ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുള്ളതാണ്. തുടർന്ന് 29.04.2014-ന് വീണ്ടും ബാക്കി തുകയ്ക്ക് കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ ഇ-സാക്ഷരതാ പദ്ധതിയുടെ ആരംഭവേളയിൽ ഗവൺമെന്റ് നിർദ്ദേശ പ്രകാരമാണ് ത്രിതല പഞ്ചായത്തുകൾ വകയിരുത്തിയ തുകകൾ, അക്ഷയ ജില്ലാ കോ-ഓർഡിനേറ്റർ കൂടിയായ ജില്ലാ കളക്ടറുടെ റ്റി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും ആയത് പഞ്ചായത്തിന് തിരികെ കൊടുക്കുന്നതിലേയ്ക്ക് ഗവൺമെന്റ് നിർദ്ദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും |

62



| | | | | |
|---|---|---|---|---|
| | | | | കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>അക്ഷയ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ചെലവഴിക്കാതെ നീക്കിയിരിപ്പായി നിൽക്കുന്ന തുക എത്രയെന്നും ചെലവഴിക്കാതെ നിൽക്കുന്ന ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കുവാനും സർക്കാരിന്റെ 26.12.2014-ലെ 73107/എബി1/2013/തസ്വഭവ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ കളക്ടർമാർക്കും പഞ്ചായത്ത് ഡയറക്ടറുടെ 13.02.2015, 18.05.2015 എന്നീ തീയതികളിലെ എം1-33719/13 നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |

കെ. എസ്. ശോഭന
ജോയിന്റ് സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

പി.കെ.

63 15/62

എം1- 33719/13

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി, 18.5.2015

പഞ്ചായത്ത് ഡയറക്ടർ

എല്ലാ ജില്ലാ കളക്ടർ മാർക്കും

സർ,

വിഷയം- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 30.9.2013 ലെ തെളിവെടുപ്പ് യോഗം - നിയമസഭാസമിതി ശുപാർശ - സംബന്ധിച്ച്

സൂചന- 1. സർക്കാരിന്റെ 26.12.2014- ലെ 73107/എബി1/2013 തസ്വഭവ നമ്പർ കത്ത്.
2. ഈ ഓഫീസിലെ 13.02.2015- ലെ എം1- 33719/13 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ(2010-11) വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ പൊതു പരാമർശമുള്ള 2.13 " അക്ഷയ പദ്ധതി നിർവ്വഹണം" എന്ന ഓഡിറ്റ് ഖണ്ഡികയിൻമേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 30.9.2013 ലെ തെളിവെടുപ്പ് യോഗം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അക്ഷയ പദ്ധതിയുടെ പേരിൽ നിലവിൽ എത്ര തുക നിക്ഷേപമായി അവശേഷിക്കുന്നു എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും ചെലവഴിക്കാതെ അവശേഷിക്കുന്ന നിക്ഷിപ്ത തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കാനും സൂചന കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ച് പ്രസ്തുത വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാർ സൂചന കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്നും കത്തു നൽകിയിരുന്നു. സർക്കാരിനും നിയമസഭാ സമിതിയ്ക്കും അടിയന്തിരമായി മറുപടി നൽകേണ്ടതിനാൽ സർക്കാർ നിർദ്ദേശത്തിൻമേൽ സത്വര നടപടി സ്വീകരിച്ച് അക്ഷയ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ചെലവഴിക്കാതെ നിക്ഷിപ്തമായി നിൽക്കുന്ന തുക എത്രയെന്നും ചെലവഴിക്കാതെ നിൽക്കുന്ന ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് ആ വിവരവും ഈ ഓഫീസിൽ അടിയന്തിരമായി ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ബി. ശ്രീകുമാർ
സീനിയർ ഫിനാൻസ് ഓഫീസർ

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.9.1 -ന്മേൽ ഇട്ടിവ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ. നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3.9.1 | **മണൽലേലം-വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടം:(ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000, 2000-01, 2001-02 ഖണ്ഡിക നമ്പർ: 2-10)**<br>ഇത്തിക്കരയാറ്റിലെ പുത്താർകടവിൽ നിന്നും 01.04.2000 മുതൽ 31.03.2001 വരെയുള്ള കാലയളവിലെ മണൽ വാരുന്നതിനുള്ള അവകാശം 2,42,000/- രൂപയ്ക്ക് ലേലം ചെയ്തു. ലേലത്തുകയിൽ നിന്നും 80,500/- രൂപ മാത്രമേ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുള്ളു. ബാക്കി തുകയായ 1,61,500/- രൂപ ഈടാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ ഈ കാലയളവിൽ ലേലക്കാരൻ കടവിൽ നിന്നും മണൽ വാരിയിട്ടുള്ളതായും, ടിയാളുടെ വള്ളങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട ചെലവുകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ലേല നിബന്ധനകൾ നിഷ്ക്കർഷിക്കും വിധം മതിയായ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാതെ ലേലം ഉറപ്പിച്ചു കൊടുത്തതുവഴി പഞ്ചായത്തിന് നഷ്ടമായ 1,61,500/- രൂപ ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഉത്തരവാദിയായി കണ്ടെത്തിയ ശ്രീ ഒ.ഖാലിദ് എന്ന സെക്രട്ടറിയിൽ നിന്നും 1,61,500/- രൂപ ഈടാക്കുന്നതിലേയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്തതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ടിയാനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ശ്രീ ഒ. ഖാലിദ് കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും 30.06.2004-ന് വിരമിച്ചിട്ടുള്ളതും ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകി ഫയൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ തീർപ്പാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ഫയൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ടി തുക ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയുവാൻ കഴിയുന്നില്ല എന്നും ശ്രീ ഒ. ഖാലിദ് 28.04.2012-ൽ മരണപ്പെട്ടുപോയിട്ടുള്ളതാണെന്നും കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |

കെ. എസ്. ശോഭന
ജോയിന്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

പി.കെ.

65 64 77

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19 ) സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08 ലെ 3.10.1, 3.11.1, 3.11.2, 3.11.3 എന്നീ ഖണ്ഡികകളിന്മേൽ സ്വീകരിച്ച നൂതന പരിഹാര നടപടി പത്രിക**

| ക്രമ നം. | ബ്ലോക്ക് പഞ്ചായത്തുകളുടെ പേര്, ഖണ്ഡിക നമ്പര് | നിഗമനങ്ങൾ/ ശിപാർശകൾ | ബ്ലോക്ക് പഞ്ചായത്തുകൾ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.10.1<br><br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | **കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി- അത്യന്തികമായി പാഴ്ച്ചെലവായി മാറി (ഓഡിറ്റ് റിപ്പോർട്ട് വർഷം : 1998-99 മുതൽ 2004-05 വരെ, ഖണ്ഡിക നമ്പർ : 3.25)**<br><br>അസിസ്റ്റന്റ് കൃഷി ഡയറക്ടർ, ശാസ്താംകോട്ടയുടെ കാര്യനിർവ്വഹണാധികാരത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലേയും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക, യന്ത്രവത്ക്കരണത്തിലൂടെ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകവഴി കർഷകർക്ക് നെൽകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, കർഷകരുടെ കൂട്ടായ്മ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. പ്രൊജക്ട് നിർവ്വഹണത്തിനായി 14,47,345/- രൂപ റെയ്ഡ്കോ എന്ന സ്ഥാപനത്തിന് നൽകി, കൊയ്ത്ത് മെതിയന്ത്രം വാങ്ങിയിട്ടുണ്ട്. യന്ത്രത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി 81,552/- രൂപ വീണ്ടും പിൻവലിച്ചിട്ടുണ്ട്.<br><br>കൊയ്ത്ത് മെതിയന്ത്രം വാങ്ങിയതുവരെയുള്ള | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് 2002-03 ൽ ഉൾപ്പെടുത്തി പ്രോജക്ട് നം എസ് 004/2002-03 പ്രകാരം കൊയ്ത്ത്മെതിയന്ത്രം വാങ്ങുന്നതിന് ഡി പി സി അംഗീകാരം ലഭിക്കുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥനായ ശാസ്താംകോട്ട അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ 14,47,345/- രൂപയ്ക്ക് റെയ്ഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്നാണ് കൊയ്ത്ത്മെതിയന്ത്രം വാങ്ങിയത്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഭരണിക്കാവ് ഇന്ത്യൻ ബാങ്ക് ശാഖയിൽ അക്കൗണ്ട് ആരംഭിച്ച് ഈ യന്ത്രം പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന വരുമാനം നിക്ഷേപിക്കാൻ തീരുമാനിച്ചിരുന്നു.<br>ഈ ഓഫീസിലെ ലഭ്യമായ രേഖകളിൽ നിന്നും ഈ യന്ത്രത്തിന്റെ നിയന്ത്രണം ബ്ലോക്ക് പഞ്ചായത്തിനും നടത്തിപ്പ് ശാസ്താംകോട്ട എ ഡി എ യ്ക്കും ആയിരുന്നു. യന്ത്രങ്ങളുടെ തകരാറ് പരിഹരിക്കുന്നതിനായി ബ്ലോക്ക് ഫണ്ടിൽ നിന്നും 81,552/- രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കി. ടി തുകയിൽ 3,650/- രൂപ ബാറ്ററി മാറ്റുന്നതിന്റെയും 20,103/- രൂപ റിപ്പയറിങ്ങ് ചാർജ്ജ് ഇനത്തിലും ഉൾപ്പെടുന്നു.<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് കാർഷിക |

| | | | |
|---|---|---|---|
| | | നടപടികളല്ലാതെ പ്രോജക്റ്റിൽ പറയുംപ്രകാരമുള്ള തുടർനടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. യന്ത്രം എത്ര മണിക്കൂർ പ്രവർത്തിച്ചുവെന്നോ, ഏതൊക്കെ പഞ്ചായത്തിലെ കർഷക സമിതികൾ യന്ത്രത്തിന്റെ ഉണഭോക്താക്കളായി എന്നോ, എത്ര തുക വരവായി കിട്ടിയെന്നോ വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ ഇല്ല. യന്ത്രം ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത നിലയിലാണ്. 14,47,345/- രൂപ മുടക്കി വാങ്ങിയ ഉപകരണം ബ്ലോക്ക് പഞ്ചായത്തിലെ ഷെഡ്ഡുകളിൽ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്. അത്യന്തികമായി ഈ പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായി മാറുകയാണുണ്ടായത്. | മേഖലയ്ക്കായി വാങ്ങിയ യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് നൽകി 2009 വരെ 98,167/- രൂപ വരുമാനമായി പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2002-03 കാലഘട്ടത്തിൽ വാങ്ങിയ കാർഷിക യന്ത്രങ്ങൾ 2009 വരെ പ്രവർത്തനക്ഷമമായിരുന്നു. കൂടാതെ ഈ യന്ത്രങ്ങളിൽ നിന്നും വരുമാനവും ലഭിച്ചിരുന്നു. ഈ യന്ത്രങ്ങൾ ഉപയോഗിച്ച് യന്ത്രവൽകൃത നെൽകൃഷി വ്യാപിപ്പിക്കുന്നതിനും അത് വഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>ശാസ്താംകോട്ട കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നിലവിൽ യന്ത്രം പ്രവർത്തനക്ഷമമല്ലെന്നും, റിപ്പയറിങ്ങ് ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നത് ആദായകരമായിരിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.അതിനാൽ നിയമാനുസൃത നടപടിയിലൂടെ കൊയ്ത്ത്മെതിയന്ത്രം ലേലം ചെയ്ത് കോമ്പൗണ്ടിൽ നിന്ന് മാറ്റുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്<br><br>ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു |
| 2 | 3.11.1<br><br>അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് | **അഞ്ചാലുംമൂട് ലേബർ കോൺട്രാക്റ്റ് - കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ( ഓഡിറ്റ് റിപ്പോർട്ട് വർഷം ഥ 1998-99 മുതൽ 2005-06 വരെ, ഖണ്ഡിക നമ്പർ 3.9).**<br><br>23-12-1998- ലെ ചെക്ക് പ്രകാരം തൊഴിൽ സഹകരണ സംഘം എന്ന പ്രോജക്റ്റിന്റെ | 2010 ൽ പ്രവർത്തനം ഇല്ലാതായ അഞ്ചാലുമ്മൂട് ബ്ലോക്ക് പഞ്ചായത്തിലെ ഫയലുകളും മറ്റ് രേഖകളും കൈമാറിയ കൂട്ടത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച നിർവ്വഹണ രേഖകൾ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറി ലഭിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നു. ലഭ്യമായ ഓഡിറ്റ് ഫയലുകൾ പരിശോധിച്ചതിൽ നിന്നും അറിയാൻ കഴിഞ്ഞ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1998-99 വർഷം അഞ്ചാലുമ്മൂട് ബ്ലോക്ക് പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | നടത്തിപ്പിനായി പ്ലാൻ ഫണ്ട് വിഹിതമായി 3,00,000/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടോ മറ്റേതെങ്കിലും രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളൊ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 23.11.1998-ലെ സർക്കുലർ നം. 49905/ പി.3/ 98 ത.ഭ.ഴ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി പണത്തിൽ നിന്ന് ഭീമമായ തുക നൽകിയിട്ടുണ്ട്. വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം രൂപീകരിക്കുന്നതിന് നൽകിയ പദ്ധതി വിഹിതം തുകയായ 3,00,000/- രൂപ നൽകിയ നടപടി ധന ദുർവിനിയോഗമാണ്. | അതിർത്തിയിൽ പെട്ട ഗ്രാമപഞ്ചായത്ത് നിവാസികളെ അംഗങ്ങളാക്കി സർക്കാർ, അർദ്ധ സർക്കാർ തലത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗുണമേന്മയോടെ നിർവ്വഹിക്കുന്നതിന് ലക്ഷ്യം വച്ച് കൊണ്ട് സംസ്ഥാന സഹകരണ സംഘം നിയമപ്രകാരം ക്യൂ 1294 ആയി 1998 ൽ രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘമാണ് അഞ്ചാലുമ്മൂട് ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റിവ് സൊസൈറ്റി. 1998-99 വർഷത്തെ പദ്ധതി നിർവ്വഹണ മാനദണ്ഡങ്ങൾ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത് 1998-99 ലെ ജില്ല ആസൂത്രണസമിതി അംഗീകരിച്ചിട്ടുള്ളതാണ്. മേൽ പറയപ്പെട്ട തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പദ്ധതി വിഹിതത്തിൽ നിന്നും 3,00,000/- രൂപ അനുവദിച്ച് നൽകിയിട്ടുള്ളത്.<br>അന്വേഷണത്തിൽ മേൽ പറയപ്പെട്ട സൊസൈറ്റി അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ കിളികൊല്ലൂർ ആസ്ഥാനമായി ഇപ്പോഴും പ്രവർത്തിക്കുന്നതായി അറിയുവാൻ കഴിഞ്ഞു. ടി കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ എം ഡി പശുപാലൻ മരണപ്പെട്ടിട്ടുള്ളതും നിർവ്വഹണ ഉദ്യോഗസ്ഥനും സെക്രട്ടറിയുമായിരുന്ന ശ്രീ എം എ സഫറുള്ള ഖാൻ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ് |
| 3 | 3.11.2<br><br>അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് | **റോഡ് റോളർ വാങ്ങിയതിലെ അപാകത( ഓഡിറ്റ് റിപ്പോർട്ട് വർഷം ; 1998-99 മുതൽ 2005-06 വരെ, ഖണ്ഡിക നമ്പർ : 3.10)**<br><br>അഞ്ചാലുംമൂട് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് റോഡ് റോളർ വാങ്ങുന്നതിനായി 6,75,000/- രൂപ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച അംഗീകരിച്ച പ്രോജക്റ്റ് പദ്ധതിപ്പണം ചെലവഴിച്ച് വാങ്ങിയ | 1998-99 ൽ ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനത്തിന്മേൽ പദ്ധതി വിഹിതത്തിൽ നിന്നും 6,75,000/- രൂപ വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടിന് ജില്ല ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുള്ളതും, ആയതിന്മേൽ റോഡ് റോളർ വാങ്ങുന്നതിനായി 6,75,000 രൂപ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. റോഡ് റോളർ ഇപ്പോൾ പ്രവർത്തനക്ഷമമല്ലാതെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള |

| | | | |
|---|---|---|---|
| | | ഉപകരണത്തിന്റെ ഉപയോഗം, സൂക്ഷിപ്പ് എന്നിവ് സംബന്ധിച്ച രേഖകളോ, കരാറോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. റോഡ് റോളറിന്റെ വാടകയിനത്തിലുള്ള വരവ് സംബന്ധിച്ച വിശദാംശങ്ങളും, റോഡ് റോളർ ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണോയെന്നത് സംബന്ധിച്ച വിശദാംശങ്ങളും അറിയാൻ കഴിഞ്ഞിട്ടില്ല. ചെലവഴിച്ച് 6,75,000/- രൂപ തടസ്സപ്പെടുത്തിയിരുന്നു. | സൊസൈറ്റിയുടെ കൈവശമാണ് നിലവിലുള്ളത്. ടി കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ എം ഡി പശുപാലൻ മരണപ്പെട്ടിട്ടുള്ളതും നിർവ്വഹണ ഉദ്യോഗസ്ഥനും സെക്രട്ടറിയുമായിരുന്ന ശ്രീ എം എ സഫറുള്ള ഖാൻ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. നിലവിൽ റോഡ് റോളർ പ്രവർത്തനക്ഷമമല്ലാതെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള സൊസൈറ്റിയുടെ കൈവശമാണുള്ളത്. ടി സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള റോഡ് റോളറിന്മേൽ പഞ്ചായത്തിന് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയുന്നതല്ല എന്ന വിവരം സവിനയം അറിയിക്കുന്നു. മാത്രമല്ല, ടി സൊസൈറ്റിയിൽ നിന്നും യാതൊരു ലാഭേച്ഛയോ, വരുമാനമോ പ്രതീക്ഷിക്കാതെയാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളതെന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. |
| 4 | **3.11.3**<br><br>അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് | **വൃദ്ധസദനത്തിന്റെ കെട്ടിടനിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല (ഓഡിറ്റ് റിപ്പോർട്ട് വർഷം 1998-99 മുതൽ 2005-06 വരെ ഖണ്ഡിക നമ്പർ 3.24)**<br><br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വൃദ്ധ സദനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് വാടക ഇനത്തിൽ തുക ലാഭിക്കുന്നതിനുവേണ്ടി കിളികൊല്ലൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 1800 ച.അടി വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിച്ചു. ഇതിനായി 2,04,712/- രൂപ നൽകി. എന്നാൽ ഇതുവരെ ഈ പണി നടന്നിട്ടില്ല. ഇപ്പോഴും വൃദ്ധസദനം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഹാബിറ്റാറ്റ് സെക്രട്ടറിയുടെ | 1999-2000 ൽ വൃദ്ധമന്ദിരത്തിന് കെട്ടിടം നിർമ്മിക്കൽ എന്ന പ്രോജക്ടിനായി 8,90,000/- രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതും ടി പ്രവൃത്തി ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തെ ഏൽപിക്കുവാൻ 28/12/99 ലെ 2(1) നമ്പർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനപ്രകാരം 2,04,712/- രൂപ സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുള്ളതുമാണ്. പ്രവൃത്തി ആരംഭിക്കുക പോലും ചെയ്തിട്ടില്ലാത്തതിനാൽ 18% പലിശ സഹിതം തുക തിരികെ ഒടുക്കുവാൻ സ്ഥാപനത്തിന് നോട്ടീസ് അയച്ചിട്ടുള്ളതും തിരുവനന്തപുരം ജില്ല കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ മേപ്പടി സ്ഥാപനത്തിലെ ചീഫ് ആർക്കിടെക്ടായ ശ്രീ ജി ശങ്കർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, |

69 ~~2k65~~

| | | | |
|---|---|---|---|
| | | കൈപ്പറ്റ് രസീത് മാത്രമേ ഫയലിലുള്ളു .ഹാബിറ്റാറ്റ് ഗ്രൂപ്പിൽ നിന്നും തുക തിരികെ ഈടാക്കാൻ യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. | ടി കാലയളവിലെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ പാലൊളി മുഹമ്മദ് കുട്ടിയുടെ 31/07/2007 ലെ 9346/17/എം /എൽ എസ് ജി നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്ന് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടുകയുണ്ടായി.<br>ഹാബിറ്റാറ്റിനെതിരെ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടി വന്ന സാഹചര്യം വിശദീകരിച്ചുകൊണ്ട് നൽകിയ കത്തിന്മേൽ റവന്യൂ റിക്കവറി നടപടികൾ പുനരാരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 6/4/2009 ലെ 52697/ഡി ഡി 2/2007 നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. 6/5/2009, 31/10/2009 എന്നീ തീയതികളിൽ റവന്യൂ റിക്കവറി നടപടികൾ പുനരാരംഭിക്കുന്നതിന് തിരുവനന്തപുരം ജില്ല കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. 9/10/2018 ൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് കൊണ്ട് വീണ്ടും തിരുവനന്തപുരം ജില്ല കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന വിവരം കൂടി സവിനയം അറിയിക്കുന്നു. |

MINI [illegible] ABRAHAM
Additional Secretary to Govt.
Local Self Government Dept.
Govt. [illegible]

22 69 70

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം നഗരസഭ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 4.1.1 | **വാടകകുടിശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കി നഷ്ടം 7,08,326/- രൂപ (ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ 2.8)**<br>കൗൺസിൽ തീരുമാനപ്രകാരം പൊളിച്ചു നീക്കിയ 57 ബങ്കുകളുടെ വാടക കുടിശ്ശികയിൽ ഒരു ഭാഗം ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയും ശേഷിച്ചത് ഈടാക്കാതിരിക്കുകയും ചെയ്തത് മൂലം നഗരസഭയ്ക്ക് 7,08,326/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.<br>26.2.2007-ലെ 8-ാം നമ്പർ തീരുമാന പ്രകാരം പൊളിച്ചുനീക്കിയ 57 ബാങ്കുകളുടെ 2005-2006, 2006-2007 വർഷങ്ങളിലെ വാടക, കുടിശ്ശിക ഡിമാന്റിൽ നിന്നും ഒഴിവാക്കുവാൻ 21.3.2007- ൽ കൗൺസിൽ തീരുമാനിച്ചു. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പാട്ടക്കാർക്കും, ലൈസൻസികൾക്കും, കരാറുകാർക്കും ഇപ്രകാരം സ്വമേധയാ കിസ്തിളവ് നൽകുവാൻ അനുവാദമില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതിയും ലഭിച്ചിട്ടില്ല. വാടക കുടിശിക ഇളവ് ചെയ്ത് ലഭിക്കുന്നതിന് ഉടമകൾ അപേക്ഷിക്കുകയും ചെയ്തിട്ടില്ല. ചട്ടവിരുദ്ധമായ ഈ നടപടിക്ക് പുറമേ | നഗരസഭാ പരിധിയിലുണ്ടായിരുന്നതും നഗരത്തിന്റെ വിവിധഭാഗങ്ങളിലായി സ്ഥാപിച്ചിരുന്നതുമായ 57 ബങ്കുകൾ റോഡ് വികസനത്തിന്റെ ഭാഗമായി 2005-06 സാമ്പത്തികവർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നീക്കം ചെയ്തിട്ടുള്ളതാണ്. ടി ബങ്കുകളുടെ വാടകകുടിശ്ശിക 2005-06 -ലേത് 2,16,587/- രൂപയും 2006-07 ലേത് 2,31,768/- രൂപയും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ ബങ്കുകൾ വർഷങ്ങൾക്കുമുമ്പേ അനുവദിച്ചിട്ടുള്ളതിനാലും നീക്കം ചെയ്ത ടി ബങ്കുകളുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് ടിയാളുകളുടെ മേൽ വിലാസം ലഭ്യമല്ലാത്തതിനാലും വാടക ഇനത്തിൽ കുടിശ്ശിക വന്നിട്ടുള്ള തുക ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 8/10/2018 ൽ ലഭിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലുമാണ് (ഫയൽ നം. 264/എഫ്.എം1/2018/തസ്വഭവ). |

| | | | |
|---|---|---|---|
| | | പൊളിച്ചുനീക്കിയ ബങ്കുകളുടെ 2000-2001 മുതൽ 2006-07 വരെയുള്ള വാടകകുടിശ്ശിക ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് 7,08,326 രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. പിഴപ്പലിശ സഹിതം വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേ ണ്ടതാണ്. | |
| 2 | 4.1.2 | **ടൗൺ ഹാൾ നവീകരണം - ഭീമമായ തുകയുടെ അധികചെലവ് - അന്വേഷണമാവശ്യപ്പെടുന്നത് സംബന്ധിച്ച്**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 3.24)<br>മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 94,32,000/- രൂപ ചെലവഴിച്ച് നടപ്പാക്കിയ ശ്രീ കേശവൻ മെമ്മോറിയൽ ടൗൺഹാൾ പുനരുദ്ധാരണത്തിന് ക്രമവിരുദ്ധമായ നടപടികളിലൂടെ നഗരസഭയ്ക്കുണ്ടായ ഭീമമായ തുക അധികം ചെലവായി. ടൗൺഹാളിൽ 22 റ്റി.ആർ-ന്റെ 6 എ.സി സ്ഥാപിക്കുക, കെ.വി.എ ജനറേറ്റർ സ്ഥാപിക്കുക, മുറി ഇൻസ്റ്റാലേഷൻ ഉൾപ്പെടെയുള്ള അനുബന്ധ ജോലികൾ ചെയ്യുക എന്നിവയ്ക്കായി കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി 30-3-2006-ന് 1,50,69,000/- രൂപയുടെ കരാർ ഒപ്പുവച്ചു. വിശദമായ | കൊല്ലം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സി കേശവൻ മെമ്മോറിയൽ ടൗൺ ഹാളിന്റെ നവീകരണത്തിനായി നിലവിലുള്ള എ.സി. മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും, 320 കെ.വി.എ ജനറേറ്റർ സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തികൾക്കും കൂടി 1.50 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരളാ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള **'കെൽ'** എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്.<br>29.3.2006-ലെ 68-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ മെയിന്റനൻസ് ഗ്രാന്റിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രോജക്ട് കോസ്റ്റിന്റെ 50% വരെ വരുന്ന തുക മുൻകൂറായി കെല്ലിന് അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നതാണ്. എന്നാൽ 30.3.2006-ൽ അന്നത്തെ കോർപ്പറേഷൻ എഞ്ചിനിയർ ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി കോമ്പറ്റന്റ് അതോറിറ്റിയിൽ നിന്ന് അംഗീകാരം വാങ്ങിയതിനുശേഷം മാത്രമേ സപ്ലൈ ഓർഡർ/അഡ്വാൻസ് നൽകുവാൻ കഴിയുകയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ അന്നത്തെ ബഹു മേയർ കെൽ ഒരു പ്രമുഖ കേരള ഗവൺമെന്റ് സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനം സമർപ്പിച്ച ഓഫർ അവിശ്വസിക്കേണ്ട കാര്യമില്ലെന്നും എ.സി, ജനറേറ്റർ എന്നിവ |

24 # 72

| | | | |
|---|---|---|---|
| | | എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ടെണ്ടർ ക്ഷണിക്കുകയോ ചെയ്യാതെയാണ് ചെലവ് ആരംഭിച്ചിട്ടുള്ളത്. കോർപ്പറേഷൻ ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയറുടെ അഭിപ്രായം പരിഗണിക്കുകയോ എഞ്ചിനീയറിൽ നിന്നും സാങ്കേതാകാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല പ്രവർത്തിയിലുടനീളം ക്രമവിരുദ്ധമായി തുക ചെലവഴിച്ചത് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | സ്ഥാപിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റും ഓരോന്നിനും പ്രത്യേക എഗ്രിമെന്റും കെൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. അതോടൊപ്പം തന്നെ ഇവയുടെ അംഗീകാരം കെൽ തന്നെ ലഭ്യമാക്കേണ്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെൽ ഹാജരാക്കിയ 1,25,29,000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എ.സി യുടെ വില കൂടുതലാണെന്ന് കണ്ടെത്തിയതിനാൽ ആയത് ഒഴിവാക്കി 320 കെ.വി ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള കരാർ 31.03.2006-ൽ ഒപ്പുവച്ചിട്ടുള്ളതാണ്. 320 കെ.വി. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള ആകെ ചെലവ് 25,40,000/- രൂപയും ആയതിന്റെ ഇൻസ്റ്റാലേഷൻ ചാർജ്ജായ 487050/- രൂപ ഉൾപ്പെടെ 30,27,050/- രൂപ ആണ്. 320 കെ.വി. ജനറേറ്ററിന്റെ വിലയായ 2540000/- രൂപയുടെ 80% തുകയായ 20,32,000/- രൂപ കെല്ലിന് മുൻകൂർ നൽകിയിട്ടുള്ളതാണ്. ഈ കരാറിൽ ഏർപ്പെടുമ്പോൾ 320 കെ.വി.എ ഡി.ജി സെറ്റിന്റെ detailed estimate പ്രകാരമായിരുന്നില്ല, price rate കരാറായിരുന്നു കെല്ലുമായി ഒപ്പുവച്ചിട്ടുള്ളത്. 24/4/2006, 2/5/2006, 6/5/06 എന്നീ തിയതികളിൽ കൂടി സ്റ്റിയറിംഗ് കമ്മിറ്റി, ബന്ധപ്പെട്ട ജീവനക്കാരുമായുള്ള മീറ്റിംഗ് എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള എ.സി. മാറ്റി പുതിയ എ.സി യും അനുബന്ധ പ്രവർത്തകൾക്കുമായി കെൽ സമർപ്പിച്ച 1,50,00,000/-രൂപയുടെ പ്രൊപ്പോസൽ വിശദമായി ചർച്ച ചെയ്തു stand by എ.സി വേണ്ടെന്ന് വയക്കുകയും ആയതിന് വകയിരുത്തിയ 10 ലക്ഷം രൂപ കുറവ് വരുത്തുകയും കൂടാതെ നെഗോസിയേഷൻ നടത്തിയതിൽ 3 ലക്ഷം രൂപയും കൂടി കുറവ് ചെയ്ത് 92,50,000/- രൂപയുടെ അടങ്കൽ തുകയ്ക്ക് എ.സി യും മറ്റനുബന്ധപ്രവർത്തികളും ചെയ്യാമെന്ന് കെൽ അംഗീകരിക്കുകയും ആയത് കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. നഗരസഭാ കൗൺസിലിന്റെ |

26/5/2006-ലെ 20-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 320 കെ.വി ജനറേറ്റർ സെററിനും എ.സി ക്കും അനുബന്ധ പ്രവർത്തികൾക്കും കൂടി ആകെ 1,35,03,500/- രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും കരാറിൽ ഏർപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതനുസരിച്ച് കെല്ലുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ഈ കരാറിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ (പി) വകുപ്പിന്റെ 28/6/2006-ലെ 25149/പി1/2006/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം 46,25,000/- രൂപ കെല്ലിന് മുൻകൂറായി നൽകിയിട്ടുള്ളതാണ് .

പദ്ധതി മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് മാത്രമേ സി.എൽ.റ്റി.സി -യിൽ വയ്ക്കാറുള്ളൂ. ടി പ്രവർത്തി പദ്ധതി മേഖലയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. കെൽ കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായതിനാലും ടി പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ക്ഷമതയുള്ള എഞ്ചിനീയർമാർ ടി സ്ഥാപനത്തിലുള്ളതിനാലും അവർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് ആവശ്യമായ സാങ്കേതികാനുമതി ക്ഷമതയുള്ള അംഗീകാര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടത് കെല്ലിന്റെ ചുമതലയാണ്.

ബഹു. ഹൈക്കോടതിയുടെ 17.9.2010-ലെ WP(C)3695/2008-ാം നമ്പർ വിധിന്യായത്തിൽ കെല്ലിന് നൽകാനുള്ള ബാലൻസ് തുക Indemnity Bond വച്ച് നൽകാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടൗൺ ഹാൾ നവീകരണത്തിന്റെ ബാലൻസ് തുകയായ 30,15,500/-രൂപയും ജനറേറ്റർ സ്ഥാപിച്ചതിന്റെ installation ചാർജ്ജിനത്തിൽ 9,95,050/- രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

ടെണ്ടർ നടപടികൾ ഇല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുമരമാത്ത് പണികൾ ഏറ്റെടുത്ത് ചെയ്യുന്നതിനായുള്ള ഏജൻസിയായി

74 26 ~~73~~

| | | | |
|---|---|---|---|
| | | | 22.3.2005-ലെ സ.ഉ(സാധാ)1109/05/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കെല്ലിനെ അംഗീകരിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെയും കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലുമാണ് ടി പ്രവർത്തി ചെയ്യുവാൻ കെല്ലിനെ ചുമതലപ്പെടുത്തിയത്. ഈ പ്രവർത്തിയുടെ ഭാഗമായി ചെയ്ത ഇലക്ട്രിക് വർക്കുകളുടെ അംഗീകാരം ബന്ധപ്പെട്ട ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും 13/02/2007-ൽ B4914/06/EIQ പ്രകാരം അനുമതി ലഭിച്ചിട്ടുള്ളതാണ് ഈ കാരണത്താൽ ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കി നൽകണമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3 | 4.1.3 | **ചേരി പുനരധിവാസ പദ്ധതി നിയമവിരുദ്ധമായി പണം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചത് - 8,03,985/- രൂപ - പലിശ ഈടാക്കണം-**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06 ഖണ്ഡിക നമ്പർ 3.3 (ii) -)<br>ചേരി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ 90,57,234/- രൂപ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി ഒരു വർഷം കയ്യിൽ സൂക്ഷിച്ചതായി കണ്ടെത്തി. ചേരികളിൽ താമസിക്കുന്ന 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുണ്ടയ്ക്കൽ വില്ലേജിൽ ഒരേക്കർ അറുപത് സെന്റ് സ്ഥലം വാങ്ങുന്ന പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന കളക്ടർക്ക് സമർപ്പിക്കുകയോ, ഭൂമിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുയോ, വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിൽ എത്തുകയോ ചെയ്യുന്നതിന് മുൻപ് തന്നെ ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് ജില്ലാ കളക്ടർക്ക് നൽ കുവാൻ മേയർ നിർദ്ദേശിച്ചു. തുക | കൊല്ലം കോർപ്പറേഷനിൽ ചേരിയിൽ താമസിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 2004-05 സാമ്പത്തിക വർഷത്തിൽ 081/05-൦൦ നമ്പർ പ്രോജക്ടിന് 16.8.04-ൽ ഡി.പി.സി അംഗീകാരം ലഭിക്കുകയും ആയതിന് 2005-06 സ്പിൽ ഓവർ പ്രോജക്ട് ആയി അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭിക്കുവാൻ അംഗീകൃതപത്രങ്ങളിൽ പരസ്യം നൽകുകയും ലഭിച്ച 5 ഓഫറുകളിൽ ഭൂമിയുടെ വിശദവിവരങ്ങൾ അടങ്ങിയ രേഖകൾ ഉൾപ്പെടെ ടി ഭൂമിയുടെ വില നിശ്ചയിച്ചുകിട്ടുവാൻ ബഹു. ജില്ലാ കളക്ടർക്ക് 13.1.06-ന് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ 2005-06 മാർച്ച് 31-ന് മുൻപ് റവന്യൂ അധികാരികളിൽ നിന്നും ഭൂമിയുടെ വില നിശ്ചയിച്ച് കിട്ടാത്ത സാഹചര്യത്തിൽ പദ്ധതി തുകയായ 90,57,234/- രൂപ നഷ്ടപ്പെടാതിരിക്കാൻ ടി തുകയുടെ ഡി.ഡി ബഹു. മേയറുടെ നിർദ്ദേശാനുസരണം 11.4.06-ൽ ബഹു. ജില്ലാ കളക്ടറുടെ പേരിൽ എടുക്കുകയും ടി ഡി.ഡി ബഹു ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തെങ്കിലും ലാന്റ് അക്വിസിഷൻ നടപടി അല്ലാത്തതുകൊണ്ട് ആയത് നഗരസഭയ്ക്ക് തിരിച്ചയച്ചിട്ടുള്ളതുമാണ്.<br>15.9.06-ൽ ടി ബഹു. ജില്ലാ കളക്ടർ മുണ്ടയ്ക്കൽ വില്ലേജിൽപ്പെട്ട 5 വസ്തു ഉടമകളുടെ 64.58 ആർ വസ്തുവിന് വില നിശ്ചയിച്ച് അയച്ചുതരികയും 18.9.06, 29.9.06 എന്നീ തീയതികളിൽ ടി ഭൂഉടമകളെ ബഹു. മേയറുടെ നിർദ്ദേശാനുസരണം ബഹു. ഡെ. മേയർ നെഗോസിയേഷൻ നടത്തുകയും ചെയ്യുകയുണ്ടായി. എന്നാൽ റവന്യൂ അധികാരികൾ നിശ്ചയിച്ച വില വളരെ കുറവായതിനാൽ വില വസ്തു ഉടമകൾ അംഗീകരിക്കുവാൻ തയ്യാറാകാത്ത സാഹചര്യം ഉണ്ടാവുകയും തുടർന്ന് ഡി.ഡിയുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും, കൂടാതെ ടി സ്ഥലം അർജൻസി ക്ലാസ്സിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യാൻ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷൻ തുടർ നടപടികൾ സ്വീകരിച്ചുവരവേ ടി തുക ഡി ഡി ആയി സൂക്ഷിച്ച നടപടി മൂലം |

നൽകേണ്ടത് ഭൂവുടമകൾക്കാണെന്ന് സെക്രട്ടറി 30.3.2006- ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയത് അവഗണിച്ച് അടിയന്തിരമായി കളക്ടർക്ക് തുക കൈമാറാൻ 31.3.2006-ൽ മേയർ ഉത്തരവിട്ടു.

ഭൂമി ഏറ്റെടുക്കുവാനുള്ള അഭ്യർത്ഥന ലഭിച്ചിട്ടില്ലാത്തതിനാൽ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് തുക മാറാൻ കഴിയില്ലെന്നുള്ള വിവരം 31.3.2006-ൽ തന്നെ കളക്ടർ അറിയിച്ചത് പരിഗണിക്കാതെ 90,57,234/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി ആയി 25.4.2006-ന് കളക്ടർക്ക് അയച്ചുകൊടുത്തു. എന്നാൽ 6.6.2006-ന് ഇത് കൈപ്പറ്റാതെ കളക്ടർ നഗരസഭയ്ക്ക് തിരിച്ചയച്ചത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി. തുക തിരികെ അടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

ചെലവ് പെരുപ്പിച്ച് കാണിക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു സാമ്പത്തിക വർഷത്തിന്റെ അവസാനദിനം ധൃതിപിടിച്ച് തുക പിൻവലിച്ചത്. യഥാർത്ഥ ചെലവുകൾക്ക് മാത്രമേ ട്രഷറിയിൽ നിന്നും പണം പിൻവലിക്കാവൂ എന്ന 3.11.2004-ലെ ധന.516/2004-ാം നമ്പരും മുൻകാലങ്ങളിൽ പിൻവലിച്ച് വിനിയോഗിക്കാതെ കിടക്കുന്ന തുക തിരിച്ചടയ്ക്കണമെന്ന 12.4.2006-ലെ

8,03,985/- രൂപ പലിശയിനത്തിൽ നഷ്ടമുണ്ടെന്ന ബഹു അക്കൗണ്ടന്റ് ജനറലിന്റെ പരാമർശത്തെ തുടർന്ന് ടി തുക ബഹു സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. 06.06.2006 മുതൽ തിരിച്ചടച്ച 3.3.2007 വരെയുള്ള കാലയളവിൽ 90,57,234/- രൂപയ്ക്ക് 12 ശതമാനം പലിശനിരക്കിൽ 8,03,985/- രൂപ ഉത്തരവാദികളായ മേയർ, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കി സർക്കാരിൽ ഒടുക്കുവരുത്തേണ്ടതാണെന്ന ബഹു. ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഇരുവർക്കും നോട്ടീസ് നൽകുകയും ഇരുവരും സമർപ്പിച്ച മറുപടികൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്വന്തമായി ഭൂമി ഇല്ലാത്തവരും വിവിധ ചേരികളിൽ, പുറംമ്പോക്കിൽ താമസിക്കുന്നവരുമായ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സദുദ്ദേശ്യത്തോടെ നഗരസഭ വിഭാവന ചെയ്ത ടി പ്രോജക്ട് സ്ഥലമെടുപ്പിൽ ഉണ്ടായ സങ്കേതിക ബുദ്ധിമുട്ടുകൾ കാരണം നടപ്പിലാക്കാൻ സാധിക്കാതെ പോയി. മനപൂർവ്വമല്ലാതെ സംഭവിച്ചുപോയ പിഴവായതിനാൽ ബന്ധപ്പെട്ട വിഷയം കൗൺസിൽ മുൻപാകെ സമർപ്പിക്കുകയും 11.6.2007-ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പലിശയിനത്തിൽ ചൂണ്ടിക്കാട്ടിയ രൂപയുടെ ബാധ്യത ഒഴിവാക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 30.6.2007-ൽ റ്റി.പി.1.17979/04 നമ്പരായി സർക്കാരിൽ അപേക്ഷിച്ചിട്ടുള്ളതുമാണ്. ആയതിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 19/01/2015-ൽ 8/A2/11901/12 നമ്പരായി കത്ത് അയച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സാധൂകരണം നൽകാൻ കഴിയില്ല എന്ന് 16/4/2015-ലെ എൽ.എസ്.ജി.ഡി എബി1/173/2015 നമ്പർ കത്ത് പ്രകാരം സാധൂകരണം നൽകുവാൻ കഴിയില്ലെന്ന് അറിയിച്ചെതിനെ തുടർന്ന്

29 76 77

| | | | |
|---|---|---|---|
| | | ധന.177/06 നമ്പരും ആയ സർക്കാർ ഉത്തരവുകളെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിരുന്നു നഗരസഭയുടെ ഈ നടപടി.<br>23.1.2007-ലും 1.3.2007-ലും ക്രമവിരുദ്ധമായ ഈ നടപടി ഓഡിറ്റ് ചൂണ്ടികാട്ടിയതിനുശേഷം 3.3.2007- ൽ മാത്രമാണ് തുക തിരികെ അടച്ചത്. വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച പദ്ധതിപ്പണം പിൻവലിച്ച് നിർജ്ജാവാവസ്ഥയിൽ സൂക്ഷിച്ച തിനാൽ നഷ്ടം ഉണ്ടാകാൻ ഇടയായിട്ടുണ്ട്. ഡി.ഡി., ജില്ലാ കളക്ടറിൽ നിന്നും തിരികെ ലഭിച്ച 6.6.2006 മുതൽ തിരിച്ചടച്ച 3.3.2007 വരെയുള്ള കാലയളവിലേയ്ക്ക് (9 മാസം) 90,57,234/- രൂപയ്ക്ക് 12 ശതമാനം നിരക്കിൽ പലിശയായി 8,03,985/- രൂപ വരും. | ബന്ധപ്പെട്ടവരിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് മുന്നോടിയായി ടി കാലയളവിലെ മേയർ, സെക്രട്ടറിമാർ എന്നിവർക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

MINIMOL ABRAHAM
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm